## അല്ലാഹുവിന്റെ വചനം

وَأُدْخِلَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ
جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ
فِيهَا بِإِذْنِ رَبِّهِمْ ۖ تَحِيَّتُهُمْ فِيهَا سَلَامٌ ○

(سورہ ابراہیم، آیت 24)

വിശ്വസിക്കുകയും സൽകർമങ്ങള നുഷ്ഠിക്കുകയും ചെയ്തവരാരോ അവർ താഴോരത്തുകൂടി അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കപ്പെടുന്നതാണ്. അവർ തങ്ങളുടെ നാഥന്റെ അനുമതി പ്രകാരം അതിൽ നിത്യവാസികളായിരിക്കും. അവിടെവച്ച് അവരുടെ അഭിവാദനം ‘സലാം’(സമാധാനം) എന്നായിരിക്കും.


بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ   نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ   وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 9

ലക്കം 36

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 സെപ്റ്റംബർ 05/ഹി.ശം 1403 തബൂക് 05/ഹി:ഖ 1446 റബീഉൽ അവ്വൽ 01


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### ദൈവസ്തുതിയുടെ പ്രാധാന്യം

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: “അല്ലാഹുവിനെ സ്തുതിക്കുകയും പ്രശംസിക്കുകയും ചെയ്യാതെ തുടങ്ങുന്ന യോഗ്യമായതും ഗൗരവതരവുമായ ഏതു പ്രവൃത്തിയും അനുഗ്രഹരഹിതവും ന്യൂനതയുള്ളതുമായിരിക്കും.” *(ഇബ്നുമാജ, അബ്വാബുന്നിക്കാഹ്, ബാബു ഖുത്വ്ബത്തുന്നിക്കാഹ്, അബൂദാവൂദ് കിതാബുൽഅദബ്, ബാബു അൽഹുദാ ഫിൽകലാമി)*

### മുസ്‌ലിമിന്റെ സവിശേഷത

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: “ഏതെങ്കിലും വ്യക്തിക്ക് ഇസ്‌ലാമിലുള്ള സവിശേഷത എന്നു പറയുന്നത് അവനുമായി ബന്ധമില്ലാത്ത കാര്യം ഉപേക്ഷിക്കുക എന്നതാണ്.” *(തിർമുദി, കിതാബുസ്സുഹ്ദ്, ബാബു 11, ഹദീഥ് 2317)*

### യഥാർഥ സത്യവിശ്വാസി

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:“മുത്തഖിയാകുക. ഏറ്റവും വലിയ ആബിദായി(ഭക്തനായി)ത്തീരും. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക. ഏറ്റവും വലിയ നന്ദിയുള്ളവനായിത്തീരും. നിനക്കു വേണ്ടി ഇഷ്ടപ്പെടുന്നതുതന്നെ മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക. യഥാർഥ സത്യവിശ്വാസിയായിത്തീരും. നിങ്ങളുടെ അയൽക്കാരോടു നല്ല രീതിയിൽ പെരുമാറുക, യഥാർഥ മുസ്‌ലിമായിത്തീരും. കുറച്ചു ചിരിക്കുക, കാരണം കൂടുതൽ ചിരി മനസ്സിനെ ജഡമാക്കിത്തീർക്കും.” *(സുനൻ ഇബ്നുമാജ കിതാബുസ്സുഹ്ദ്)*

## ദീനിന്റെ സഹാനുഭൂതി ഒരു വലിയ കാര്യമാണ്. അത് സക്കറാത്തുൽമൗത്തിൽ അഥവാ മരണയാതനയിൽ സന്തോഷമുൾക്കൊള്ളുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“ളുഹ്റിനുശേഷം അസ്വ്ർ സമയംവരെ ജീവിച്ചിരിക്കുമെന്ന് ആർക്കറിയാം. ചില ഘട്ടങ്ങളിൽ ഒറ്റയടിക്ക് രക്തയോട്ടം നിലച്ച് ജീവൻ പുറത്തുപോകുന്നു. ചില ഘട്ടങ്ങളിൽ ആരോഗ്യദൃഢഗാത്രനായ വ്യക്തി മരിക്കുന്നു. മന്ത്രി മുഹമ്മദു ഹസൻ സാഹിബ് കാറ്റുകൊള്ളൽ കഴിഞ്ഞു വന്നതാണ്. സന്തോഷത്തോടെ ഗോവണി കയറാൻ തുടങ്ങി. ഒന്നോരണ്ടോ പടി കയറിയിട്ടുണ്ടാകും തലകറങ്ങി, ഇരുന്നു. താൻ താങ്ങിപ്പിടിക്കാമെന്ന് ജോലിക്കാരൻ പറഞ്ഞു. വേണ്ട എന്നു പറഞ്ഞു. പിന്നീട് അദ്ദേഹം മൂന്നു പടി കയറി. വീണ്ടും തലകറങ്ങി. ആ തലകറക്കത്തോടെ ജീവൻപോയി. അപ്രകാരംതന്നെ കശ്മീരിലെ അംഗം ഗുലാം മുഹ്‌യിദ്ദീൻ കോത്തലി ക്ഷണത്തിലാണ് മരിച്ചത്. ചുരുക്കത്തിൽ മരണം വരുന്നതിന്റെ സമയം, അതെപ്പോഴാണ് വരുന്നതെന്ന് നമുക്കാർക്കും അറിയില്ല. അതുകൊണ്ട് നിർബന്ധമായും അതിൽ അശ്രദ്ധരാകാതിരിക്കുക. അതിനാൽ ദീനിന്റെ സഹാനുഭൂതി ഒരു വലിയ കാര്യമാണ്. അത് സക്കറാത്തുൽമൗത്തിൽ അഥവാ മരണയാതനയിൽ സന്തോഷമുൾക്കൊള്ളുന്നു. വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു, ***ഇന്നസൽസലത്തസ്സാഅത്തി ശയ്ഉൻ അളീം***(22:2)(ആ നിശ്ചിത സമയത്തിലെ പ്രകമ്പനം ഒരു ഭയങ്കര സംഭവം തന്നെയാണ്). സാഅത്ത് കൊണ്ടുള്ള ഉദ്ദേശ്യം ഖിയാമത്തുമാണ്. നാം അതിനെ നിഷേധിക്കുന്നില്ല. എന്നാൽ, ഇതിൽ സക്കറാത്തുൽമൗത്ത് (മരണയാതന)തന്നെയാണുദ്ദേശ്യം. കാരണം അത് പൂർണമായ വേർപാടിന്റെ സമയമാകുന്നു. മനുഷ്യൻ തന്റെ പ്രിയപ്പെട്ടവരിൽനിന്നും സ്വാദിഷ്ടമായവയിൽനിന്നും പൊടുന്നനെ വേർപെടുന്നു. ഒരു വിസ്മയമായ തരത്തിലുള്ള ഭൂകമ്പം അവനിൽ പെട്ടെന്ന് പ്രകടമാകുന്നു. ഉള്ളിന്റെയുള്ളിൽ അതൊരു അമർത്തുന്ന യന്ത്രത്തിലായിരിക്കും. അതുകൊണ്ട് മനുഷ്യന്റെ എല്ലാത്തരം പരമാനന്ദവും മരണം ഓർമവെക്കുന്നതിലാണ്. അതിനാൽ അന്ത്യനിമിഷങ്ങളിൽ ദുൻയാവും അതിലെ വസ്തുക്കളും അവന് വിഷമങ്ങൾക്ക് നിമിത്തമാകത്തക്കവണ്ണം പ്രിയങ്കരമാകരുത്.

വിശുദ്ധ ഖുർആനിൽ ഈ വിഷയം ***അന്നമാ അംവാലുക്കും വ ഔലാദുക്കും ഫിത്നത്തുൻ*** (8:29) തീർച്ചയായും നിങ്ങളുടെ സമ്പത്തും സന്തതികളും പരീക്ഷണോപാധികൾ മാത്രമാണ്)എന്ന വചനത്തിൽ വിവരിച്ചിരിക്കുന്നു. അംവാലുക്കും എന്നതിൽ സ്ത്രീകളുംപെടുന്നു. സ്ത്രീകൾ പർദയിൽ കഴിയുന്നവരാണ്. അതുകൊണ്ട് അവരുടെ പേരും പർദയിൽത്തന്നെ വെച്ചിരിക്കുന്നു. കാരണം സ്ത്രീകളെ മനുഷ്യൻ സമ്പത്ത് ചെലവഴിച്ചാണ് കൊണ്ടുവരുന്നത്. മാൽ അഥവാ സമ്പത്ത് എന്ന പദം മാഇൽ എന്ന പദത്തിൽ നിന്നാണ് എടുക്കപ്പെട്ടിട്ടുള്ളത്. അതായത് ഏതൊന്നിലേക്ക് സ്വാഭാവികമായ വശീകരണമുണ്ടാകുന്നുവോ അത്. സ്ത്രീകളിലേക്കും സ്വാഭാവികമായ വശീകരണമുണ്ടകുന്നു. അതുകൊണ്ടാണ് അവരെ സമ്പത്തിൽപ്പെടുത്തിയത്...... ചുരുക്കത്തിൽ സമ്പത്തു കൊണ്ടുള്ള ഉദ്ദേശ്യം ***കുല്ല മാ യമീലു ഇലയ്ഹിൽഖൽബു*** മനസ്സ് വശീകരിക്കപ്പെടുന്നതെല്ലാം എന്നാണ്. മനുഷ്യൻ സന്താനങ്ങളെ കരളിന്റെ കഷണവും തന്റെ അനന്തരാവകാശിയുമായി മനസ്സിലാക്കുന്നതുകൊണ്ടാണ് സന്താനങ്ങളെ കുറിച്ച് പറഞ്ഞത്.*(മൽഫൂദാത്ത് വാല്യം 2, പേജ് 29, 2018 ഖാദിയാൻ പതിപ്പ്)*

**ശിർക്ക് അഥവാ അന്യാരാധന മനുഷ്യന്റെ വീക്ഷണഗതിയെ വളരെ പരിമിതപ്പെടുത്തുന്നു. അവന്റെ തന്റേടത്തെ വീഴ്ത്തിക്കളയുന്നു. അവന്റെ ലക്ഷ്യത്തെ നിസ്സാരമാക്കിക്കളയുന്നു.**

**ഒരാൾ ഏതെങ്കിലും ശവകുടീരത്തിൽപ്പോയി വിളക്കു കൊളുത്തി വരുന്നു. അയാൾ ആ ഖബ്ർവാസിയോടു ദുആ ചെയ്താലും വേണ്ടില്ല ചെയ്തില്ലെങ്കിലും വേണ്ടില്ല, അല്ലെങ്കിൽ ഖബ്ർവാസിയെ ദൈവമായി മനസ്സിലാക്കുകയോ മനസ്സിലാക്കാതികിരിക്കുയോ ചെയ്താലും വേണ്ടില്ല ആ കർമവും ശിർക്കിൽപ്പെടുന്നതായിരിക്കും. കാരണം ആ കർമം ആദ്യകാലത്തെ അന്യാരാധനാപരമായ കർമങ്ങളുടെ ബാക്കിപത്രമാണ്.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹജ്ജ് എന്ന അധ്യായത്തിലെ 32-ാമത്തെ വചനമായ ***വമൻയ്യുശ്‌രിക് ബില്ലാഹി ഫകഅന്നമാ ഖർറ മിനസ്സമാഇ ഫതഖ്ത്വഫുഹുത്ത്വയ്റു ഔ തഹ്‌വീ ബിഹിർരീഹു ഫീ മകാനിൻ സഹീഖിൻ*** (ആരെങ്കിലും അല്ലാഹുവിനോടു വല്ലതിനേയും പങ്കുചേർക്കുന്നതായാൽ തീർച്ചയായും അവൻ ഉയരത്തിൽനിന്ന് വീണവനെപ്പോലെയായിരിക്കും. അപ്പോൾ പക്ഷികൾ അവനെ തട്ടിയെടുത്തുകൊണ്ടുപോകും. അല്ലെങ്കിൽ അവനെ കാറ്റ് വിദൂരസ്ഥലത്ത് കൊണ്ടുപോയിടും) എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

ശിർക്കിന്റെ എട്ടാമത്തെഇനം അല്ലാഹുവിന്റെ പ്രകൃതിനിയമം ഏതെങ്കിലും ജോലി ചെയ്യാൻ ഒരു കഴിവും നല്കിയിട്ടില്ലാത്ത ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ച് അതിനു ഇന്ന ജോലിചെയ്യാൻ കഴിയുമെന്ന് കരുതുന്നതാണ്. ഉദാഹരണത്തിന് തന്നെ കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ അസ്സമീഅ് എന്നു പറഞ്ഞിരിക്കുന്നു. ഇതിന്റെ അർഥം അവൻ സമ്പൂർണമായ നിലയിൽ ജനങ്ങളുടെ പ്രാർഥനകൾ കേൾക്കുകയും അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കുകയും ചെയ്യുന്നുവെന്നാണ്. അതായത് ദൂരവും സമയവും അവന്റെമേൽ ഒരു സ്വാധീനവും ചെലുത്തുകയില്ല. ഇനി ഏതെങ്കിലും വ്യക്തി അല്ലാഹുവിനോടു പ്രാർഥിക്കു

ശേഷം പേജ് 10 ൽ

### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ
2 ആഗസ്റ്റ് 2024

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ
യൂറോപ്പ് പര്യടനം


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

ഖുത്ബ ജുമുഅ

ജൽസാ ഒരു ഭാഗത്ത് സ്വന്തക്കാരുടെ ശിക്ഷണത്തിനും ആത്മീയതയ്ക്കും അവസരമായതുപോലെ മറുഭാഗത്ത് അന്യർക്ക് ഇസ്‌ലാമിക പാഠങ്ങൾ അറിയാനും ദൈവസാമീപ്യം നേടാനും നിമിത്തമായി മാറുകയും ചെയ്തു. ചുരുക്കത്തിൽ അല്ലാഹുവിന്റെ മുന്നിൽ കൂടുതൽ കുനിയുന്നതോടൊപ്പം അവനോടു നന്ദി കാണിക്കാനും അല്ലാഹുവിന്റെ സന്ദേശത്തെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തെ പ്രചരിപ്പിക്കാൻ നേരത്തേതിലുമധികം ശ്രമിക്കുമെന്ന പ്രതിജ്ഞയിൽ ഉറച്ചുനിൽക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നതായിരിക്കും.

---

വളണ്ടിയർമാർക്ക് ഞാൻ നന്ദി പറയാനാഗ്രഹിക്കുന്നു. അവർ ജൽസയ്ക്കു മുമ്പേയും ജൽസയ്ക്കിടയിലും ജൽസയ്ക്കുശേഷവും സജ്ജീരണങ്ങൾ നടത്തുന്നതിനും ചിതറിക്കിടക്കുന്ന വസ്തുക്കളെല്ലാം ഒരുമിച്ചു കൂട്ടുന്നതിനും തങ്ങളുടെ പങ്കുവഹിക്കുകയും വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിലെ സ്ത്രീകളുടേയും പുരുഷന്മാരുടേയും കുട്ടികളുടേയും ഈ സവിശേഷതയെ അന്യരും ശ്ലാഘിക്കുന്നു. ഇതു നിശബ്ദമായ തബ്‌ലീഗാണ്.

---

എല്ലാ അടിസ്ഥാനത്തിലും ജൽസസാലാനയിൽ പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളും വലിയ പ്രവർത്തനനിരതരായി കാണേണ്ടവരും നന്ദിക്കർഹരുമാണ്. ഈ വർഷം യു.കെയിലെ വളണ്ടിയർമാരോടൊപ്പം പ്രവർത്തിക്കാൻ ഇതാദ്യമായി വലിയൊരു സംഘം ഖുദ്ദാം വളണ്ടിയർമാർ മൊറീഷ്യസിൽനിന്നും വന്നിരുന്നു. അവർ നല്ലപോലെ പ്രവർത്തിക്കുകയും ചെയ്തു. അതുപോലെ കാനഡയിൽനിന്നും ഖുദ്ദാം വന്നിരുന്നു. അവർ വൈന്റപ്പിൽ സഹായിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു അവർക്കെല്ലാം തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

"ഈ ജൽസയിൽ പങ്കെടുത്തപ്പോൾ ഇത് സത്യജമാഅത്താണെന്നും, മുഹമ്മദ്(സ)തിരുമേനിയുടെ ജമാഅത്താണെന്നുമുള്ള എന്റെ കേവല വിശ്വാസം, ദൃഢവിശ്വാസമായി മാറി. നമ്മൾ, നമ്മുടെ നബി(സ) തിരുമേനിയുടെ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറയാതെയും കാലത്തിന്റെ ഇമാമായ മസീഹ് മൗഊദിനെ(അ) വിശ്വസിക്കാതെയുമിരുന്നാൽ നമ്മൾ വഴികേടിലായിപ്പോകുന്നതായിരിക്കും."
(ഇസ്മായീൽ ബെലിൻ ഫ്രഞ്ച് ഗിയാന).

"ലോകത്തെ നൂറിലധികം രാജ്യങ്ങളിലെ ആളുകൾ ഒരു സ്ഥലത്ത് ഒരുമിച്ചു കൂടുമ്പോൾ പല കാര്യങ്ങളിലും വൈജാത്യമുണ്ടാകും. പല പ്രശ്നങ്ങളും ഉണ്ടാകാനുമിടയുണ്ട്. എന്നാൽ. ഇവിടെ എല്ലാവരുടേയും സ്വഭാവവും പെരുമാറ്റവും ഒരേപോലെ കാണാൻ കഴിഞ്ഞു." (യൂശീദാ സാഹിബ്, ജപ്പാൻ)

---

"ഞാൻ നിങ്ങളുടെ ഖലീഫയുമായി കൂടിക്കാഴ്ച നടത്തി. ഇനി ഞാൻ എന്റെ റോൾ ഭംഗിയായി നിർവഹിക്കുമെന്ന് നിങ്ങളോടു വാഗ്ദാനം ചെയ്യുന്നു. മാത്രമല്ല എന്റെ കീഴിലുള്ളവരോടു അഹ്മദികൾ വെറും മുസ്‌ലിമീങ്ങളല്ല പ്രത്യുത ഏറ്റവും നല്ല മാതൃകാ മുസ്‌ലിമീങ്ങളാണെന്ന് പറയുകയും ചെയ്യുന്നതാണ്. ഞാൻ ചിലിയിൽ അഹ്മദിയ്യത്ത് സ്ഥാപിക്കുന്ന കാര്യത്തിലും നല്ലപോലെ ശ്രമിക്കുന്നതായിരിക്കും."
(ഉമർ ഗയ്ബുർ സാഹിബ്)

"ജമാഅത്ത് ചെയ്യുന്നതുപോലെ ലോകത്ത് എല്ലാവരും മനുഷ്യത്വത്തിനുവേണ്ടിയും കൂടുതൽ ഉണർവ്വും സഹാനുഭൂതിയും പ്രദർശിപ്പിച്ചാൽ തീർച്ചയായും ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്." (മിസിസ്സ് പാട്രീഷ്യാ സാഹിബ ഹോളണ്ട്)

"ഞാൻ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വലിയ വലിയ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ, വളണ്ടിയർമാർ നടത്തുന്ന ഇത്രയും വലിയ സമ്മേളനം ഞാൻ എവിടേയും കണ്ടിട്ടില്ല."
(ഡോക്ടർ ക്രിസ്റ്റി ചാങ് സാഹിബ, തായ്‌വാൻ)

---

"ഞങ്ങൾ ഞങ്ങളുടെ നാട്ടുകാരോട്, അഹ്മദിയ്യാ ജമാഅത്ത് വളരെ സമാധാനവും സുസജ്ജവും, ധാർമികതയുമുള്ള ജമാഅത്താണെന്ന് പറയുന്നതായിരിക്കും."(ഡോക്ടർ ഫരീക് സാഹിബ്, തായ്‌വാൻ)

---

"അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കാനും, ഇന്റർഫെയ്ത്ത് ഡയലോഗിനുംവേണ്ടി പ്രവർത്തിക്കുന്നവരാണെന്ന് എന്നോടു പറയപ്പെട്ടു. അതൊക്കെ വാചകക്കസർത്ത് മാത്രമാണെന്നായിരുന്നു ഞാനാദ്യം കരുതിയത്. എന്നാൽ, ജൽസയിൽ പങ്കെടുത്ത് എന്റെ അനുഭവത്തിലൂടെ കണ്ടതിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയട്ടെ, ജമാഅത്ത് മറ്റുള്ളവരോടു പറയുന്നത് സ്വയം പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. ജമാഅത്തിന്റെ വിശ്വാസവും കർമവും ഒന്നാകുന്നു."
(ലോറീനവില്ല ലോബോസ് സാഹിബ, കോസ്റ്ററിക്ക).

**"വിജ്ഞാനം കരസ്ഥമാക്കാനും പ്രചരിപ്പിക്കാനുമുള്ള ജമാഅത്തിന്റെ പ്രവർത്തനങ്ങൾ എന്നെ ആഴത്തിൽ സ്വാധീനിച്ചു. 43,000 ആളുകൾ പങ്കെടുത്തിട്ടുപോലും പർദയുടെ നിലവാരം നിലനിറുത്തിയിരുന്നു എന്നത് എന്നെ ഹഠാദാകർഷിച്ചു. പുരുഷന്മാരും സ്ത്രീകളും താന്താങ്ങളുടെ ഇടങ്ങളിൽ പ്രവർത്തനനിരതരായിരുന്നു."(സുലയ്മാൻ ബാഹ് സാഹിബ് ഐസ്‌ലാൻഡ്)**

**"പൊതുവെ മതസംഘടനകൾ ഡിപ്ലോമേറ്റ്സിനേയും രാഷ്ട്രീയക്കാരേയുമാണ് പ്രത്യേകം എക്സ്റ്റേണൽ പ്രോഗ്രാമുകളിലേക്ക് ക്ഷണിക്കാറുള്ളത്. പരിപാടിയുടെ പ്രത്യേക ചടങ്ങിലേക്ക് വിളിച്ചു പറഞ്ഞുവിടുകയാണ് ചെയ്യുക. എന്നാൽ, അതിന് വിപരീതമായി അഹ്മദിയ്യാ ജമാഅത്ത് നമ്മൾ അനഹ്മദി അതിഥികളിൽനിന്ന് ഒരു കാര്യവും മറച്ചുവെച്ചിരുന്നില്ല എന്നത് ഏറെ അസാധാരണവും ശ്ലാഘനീയവുമാകുന്നു." (യു.കെയിലെ അർജന്റൈൻ അംബാസിഡർ മാരിയാന പ്ലാസ സാഹിബ)**

**"ജൽസയിൽ ഒരു ആത്മീയാന്തരീക്ഷം അനുഭവപ്പെടുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സംസാരിക്കുമ്പോൾ ശ്രോതാക്കളുടെ പരിപൂർണ നിശ്ശബ്ദതയും ശ്രദ്ധയും അത്ഭുതപ്പെടുത്തുന്നതാണ്. അത് വളരെ ഗഹനമായ ആത്മീയാന്തരീക്ഷം ഉണ്ടാക്കുന്നു."(റോബർട്ടോ കാത്തോലാനോ ഇറ്റലി)**

**"ഞാൻ നേരത്തേയും നിരവധി മതപരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. എങ്കിലും എന്റെ ജീവിതത്തിൽ ആത്മീയമായി ന്യൂനതകളുണ്ടെന്ന് ഞാൻ എന്റെ ഹൃദയാന്തരാളങ്ങളിൽ അറിയുന്നുണ്ടായിരുന്നു. എന്നാൽ, ജൽസ എന്റെ ജീവിതത്തിലെ കുറവുകളകറ്റാൻ പോന്നതായിരുന്നു."**
**(ആഗാഥേ മേരി സാഹിബ റോഡ്രിഗസ് ഐലൻഡ്)**

**"ഇത്തരം അന്തരീക്ഷത്തെ സ്വർഗ്ഗവുമായി ഉപമിക്കാവുന്നതാണ്. ഇത്രയും വലിയ ജനസഞ്ചയത്തിൽ ഇങ്ങനെയൊരു അന്തരീക്ഷം ഉണ്ടാക്കാമെങ്കിൽ ലോകം മുഴുവനും അത് ഉണ്ടാക്കാവുന്നതാണ്. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന് മാത്രമേ അതിന് കഴിയുകയുള്ളൂ."**
**(പ്രൊഫസർ ആർബഗ് സക്കറാജ് കൊസോവോ )**

**"എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും സ്മരണീയമായ നിമിഷം ദുആ ചെയ്യുന്ന നേരത്ത് പുരുഷന്മാർ കരയുന്നതായിരുന്നു."(ഉറുഗ്വേയുമായി ബന്ധം വെക്കുന്ന അനഹ്മദി പത്രപ്രവർത്തക)**

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏകദേശം 46 മില്യണിലധികം ആളുകൾ ജൽസസാലാനയുടെ വാർത്തകൾ കാണുകയും കേൾക്കുകയും ചെയ്തു.**

# യു.കെ ജൽസാസാലാനയുടെ അവസരത്തിൽ നിർലോഭമായ സേവനങ്ങൾ കാഴ്ചവെച്ച പ്രവർത്തകരോടുള്ള നന്ദിയും ജൽസസാലാനയിൽ പുറത്തുനിന്ന് പങ്കെടുത്ത ചിലരുടെ പ്രതികരണങ്ങളും

**ഖുത്ബ ജുമുഅ 2024 ആഗസ്റ്റ് 02, 1403 ള്വുഹൂർ 02**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ○ الرَّحْمٰنِ الرَّحِيمِ ○ مٰلِكِ يَوْمِ الدِّينِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ○ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ○

അൽഹംദുലില്ലാഹ്, കഴിഞ്ഞയാഴ്ച യു.കെ ജൽസാസാലാന അല്ലാഹുവിന്റെ അനുഗ്രഹാശിസുകളുടെ ദൃശ്യങ്ങൾ കാണിച്ചുതന്നുകൊണ്ട് സമാപിച്ചു. ഈ മൂന്ന് ദിവസം വലിയ അനുഗ്രഹങ്ങളുടെ ദിവസങ്ങളായിരുന്നു. അത് സ്വന്തക്കാരിലും അന്യരിലുമെല്ലാം നല്ല പ്രകാശമാണുണ്ടാക്കിയിട്ടുള്ളത്. മാന്യരായ ചില ആളുകളുടെ അഭിപ്രായങ്ങൾ വിവരിക്കുന്നതായിരിക്കും. പക്ഷേ, അതിനുമുമ്പേ വളണ്ടിയർമാർക്ക് ഞാൻ നന്ദി പറയാനാഗ്രഹിക്കുന്നു. അവർ ജൽസയ്ക്കു മുമ്പേയും ജൽസയ്ക്കിടയിലും ജൽസയ്ക്കുശേഷവും സജ്ജീരണങ്ങൾ നടത്തുന്നതിനും ചിതറിക്കിടക്കുന്ന വസ്തുക്കളെല്ലാം ഒരുമിച്ചു കൂട്ടുന്നതിനും തങ്ങളുടെ പങ്കുവഹിക്കുകയും വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിലെ സ്ത്രീകളുടേയും പുരുഷന്മാരുടേയും കുട്ടികളുടേയും ഈ സവിശേഷതയെ അന്യരും ശ്ലാഘിക്കുന്നു. ഇതു നിശബ്ദമായ തബ്‌ലീഗാണ്. ജൽസയിലെ എല്ലാ വിഭാഗത്തിൽപെട്ട വളണ്ടിയർമാർക്കും ഇതിൽ സുപ്രധാന പങ്കുണ്ട്. അവർ ഇവിടെയുള്ള വഴിയിലോ, ഗെയ്റ്റിലോ, ചെക്കിംഗിലോ, പാർക്കിംഗിലോ, ഭക്ഷണ വിതരണത്തിലോ, ഭക്ഷണം തയ്യാറാക്കുന്നതിലോ, വൃത്തിയാക്കുന്നതിലോ, വെള്ളം കൊടുക്കുന്ന കുട്ടികളുടെ ഡ്യൂട്ടിയിലോ, അതല്ല വിവിധ സ്ഥലങ്ങളിൽ ഡ്യൂട്ടിയിലുള്ള കുട്ടികളോ, എല്ലാവരും എല്ലാ നിലയ്ക്കും എല്ലാ അടിസ്ഥാനത്തിലും ജൽസസാലാനയിൽ പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളും വലിയ പ്രവർത്തനനിരതരായി കാണേണ്ടവരും നന്ദിക്കർഹരുമാണ്. അല്പസ്വല്പം ന്യൂനതകളെല്ലാമുണ്ടാകും. പലരും അത് കാണുന്നുമുണ്ടാകും. എന്നാൽ, ഇത്രയും വലിയ സംവിധാനത്തിൽ അതെല്ലാം അവഗണിച്ചുകളയേണ്ടതാണ്. ഏതായാലും ഈ ഡ്യൂട്ടികൾ നിർവഹിക്കുന്നവർ, അതിഥികളെ സേവിക്കുന്നതോടൊപ്പം നിശ്ശബ്ദമായ തബ്‌ലീഗും ചെയ്യുകയാണ്. ഒരുപാടാളുകൾ വളണ്ടിയർമാരെ സംബന്ധിച്ച് ശ്ലാഘിച്ചുകൊണ്ട് പറയുകയും എഴുതി അറിയിക്കുകയും ചെയ്തിട്ടുണ്ട്. അന്യരായ അതിഥികൾ അത്തരം അഭിപ്രായങ്ങളുമായാണ് ഇവിടെനിന്ന് പോകുന്നത്. അതുപോലെ വിവിധ രാജ്യങ്ങളിൽ പരിപാടികളെല്ലാം എം.ടി.എ മുഖേന നല്ലനിലയിലെത്തിച്ചവരും കൃതജ്ഞത അർഹിക്കുന്നവരാണെന്ന് അവരും പറയുന്നു. ഈ എല്ലാ വളണ്ടിയർമാർക്കും ഞാനും നന്ദി പറയുകയാണ്. ഈ വർഷം യു.കെയിലെ വളണ്ടിയർമാരോടൊപ്പം പ്രവർത്തിക്കാൻ ഇതാദ്യമായി വലിയൊരു സംഘം ഖുദ്ദാം വളണ്ടി

യർമാർ മൊറീഷ്യസിൽനിന്നും വന്നിരുന്നു. അവർ നല്ലപോലെ പ്രവർത്തിക്കുകയും ചെയ്തു. അതുപോലെ കാനഡയിൽനിന്നും ഖുദ്ദാം വന്നിരുന്നു. അവർ പരിപാടി കഴി ഞ്ഞുള്ള ജോലികളിൽ സഹായിച്ചുകൊ ണ്ടിരിക്കുന്നു. അല്ലാഹു അവർക്കെല്ലാം തക്ക തായ പ്രതിഫലം നൽകുമാറാകട്ടെ. പ്രസ്സ് & മീഡിയ കവറേജും ഈ വർഷം വളരെ നല്ല നിലയിലുണ്ടായി. അതുപോലെ ട്രാഫിക് സംവിധാനവും വളരെ മികച്ചതായിരുന്നു. അയൽവാസികളും അതിൽ സന്തോഷവാന്മാ രാണ്. എല്ലാ വർഷവും അവർ പരാതി പറയു മായിരുന്നു. ഈ വർഷം പരാതി വന്നിട്ടില്ല. ഒരുപക്ഷേ, കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഹാജർനില കുറവാണെന്നും അതുകൊണ്ടാണ് വളരെ സുഗമമായി ട്രാഫിക് നടന്നതെന്നും അവർ ധരിച്ചിട്ടുണ്ടാകും. വാസ്തവത്തിൽ ഹാജർനില കഴിഞ്ഞവർഷത്തേക്കാളും രണ്ടാ യിരം അധികമായിരുന്നു. അവരോടു അത് പറഞ്ഞപ്പോൾ അവർ അതിൽ ആശ്ചര്യപ്പെ ടുകയുണ്ടായി. മാശാ അല്ലാഹ് നല്ല സംവി ധാനമായിരുന്നു.

നമ്മുടെ ഈ പ്രദേശത്തുള്ള കൗൺസിലർ അഹ്മദിയുമാണ്, മുറബ്ബിയുമാണ്. അദ്ദേഹം അയൽവാസികളോടു നല്ല ബന്ധവും ട്രാഫിക് പ്ലാനിംഗ് നല്ലനിലയിൽ നിർവഹിക്കുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിനും നല്ല പ്ര തിഫലം നൽകുമാറാകട്ടെ.

ഏതായാലും ഇനി ഞാൻ അഭിപ്രായങ്ങൾ കേൾപ്പിക്കാം. അല്ലാഹു ഈ അഭിപ്രായ പ്ര കടനം നൽകിയവരുടെ ഹൃദയങ്ങൾ തുറ ക്കുകയും അഹ്മദിയ്യത്തിന്റെ സന്ദേശം ശരി യായി മനസ്സിലാക്കുന്നവരാകുകയും ചെയ്യു മാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം കൈവരിക്കാൻ നമുക്കും തൗഫീഖ് നൽകുമാറാകട്ടെ. കേവലം ഈ മൂന്ന് ദിവസം മാത്രമല്ല മറിച്ച്, അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ നമുക്ക് കഴിയുമാറാകട്ടെ.

ഫ്രഞ്ച്ഗിയാനയിൽനിന്ന് ജൽസയിൽ പങ്കെ ടുത്ത ഇസ്മായീൽ ബെലിൻ സാഹിബിന് ജമാഅത്തുമായി വളരെ പഴയ ബന്ധമുണ്ട്. പക്ഷേ, ബയ്അത്ത് ചെയ്തിട്ടുണ്ടായിരുന്നില്ല. അദ്ദേഹത്തിന് ജൽസക്കിടയിൽ ബയ്അ ത്ത് ചെയ്യാൻ തൗഫീഖു ലഭിച്ചു. അദ്ദേഹം പറയുന്നു: "ഞാൻ എന്റെ ജീവിതത്തിൽ ലോകത്തിലെ വലിയ വലിയ ഭാഷക്കാരും തലമുറകളും ഒരുമിച്ചുകൂടിയ ഇത്തരം പ രിപാടി ഒരിക്കലും കണ്ടിട്ടില്ല. ഈ ജൽസ യിൽ പങ്കെടുത്തപ്പോൾ ഇത് സത്യജമാഅ ത്താണെന്നും, മുഹമ്മദ്(സ)തിരുമേനിയുടെ ജമാഅത്താണെന്നുമുള്ള എന്റെ കേവല വിശ്വാസം, ദൃഢവിശ്വാസമായി മാറി. നമ്മൾ, നമ്മുടെ നബി(സ)തിരുമേനിയുടെ ആഹ്വാന ത്തിന് ലബ്ബയ്ക്ക് പറയാതെയും കാലത്തിന്റെ ഇമാമായ മസീഹ് മൗഊദിനെ(അ) വിശ്വസി ക്കാതെയുമിരുന്നാൽ വഴികേടിലായിപ്പോകു ന്നതായിരിക്കും. അല്ലാഹു എനിക്ക് ഈ മാർഗ ത്തിലേക്ക് സന്മാർഗം നൽകിയെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഇന്ന് മുസ്‌ലിമീങ്ങൾ ഐക്യത്തിലാകാൻ ആഗ്രഹിക്കുന്നെങ്കിൽ അവർ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേ ശിച്ച് ഖിലാഫത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്ത് ഈ അനുഗൃഹീത ജമാഅത്തിന്റെ ഭാഗമാകേണ്ടിയിരിക്കുന്നു. ജൽസാ സാലാ നയുടെ സംവിധാനവും അനുപമമാകുന്നു. എല്ലാ വളണ്ടിയർമാരേയും എപ്പോഴും പുഞ്ചിരി ച്ചുകൊണ്ടാണ് കാണുന്നത്. അവരുടെ മുഖങ്ങ ളിൽ ഒരുവിധ കാപട്യവുമില്ലായിരുന്നു. ഓരോ വളണ്ടിയറും ഹൃദയാത്മനാ അതിഥികളെ സേവിക്കുന്നുണ്ടായിരുന്നു. എനിക്ക് ആരേയും അറിയില്ലായിരുന്നു. പക്ഷേ, ഓരോരുത്തരും കണ്ടുമുട്ടിയത് വർഷങ്ങളോളം പരിചയമു ള്ളവരെപോലെയാണ്. ഞാൻ നേരത്തേയും വർഷങ്ങളായി മുസ്‌ലിമായിരുന്നു. മുസ്‌ലിമാ യതാണ്. ഇസ്‌ലാമികാധ്യാപനമനുസരിച്ച് പ്ര വർത്തിക്കാൻ ശ്രമിച്ചിരുന്നു. പക്ഷേ, ഏതോ ന്യൂനതയുള്ളതുപോലെ തോന്നി. എന്നാൽ, ഈ ജൽസയിൽ പങ്കെടുത്തപ്പോൾ എന്റെ പ്ര സ്തുത കുറവ് മാറിയതായി അനുഭവപ്പെടുന്നു.

ജപ്പാനിൽനിന്ന് വന്ന ബുദ്ധമതത്തിന്റെ ചീഫ് പ്രീസ്റ്റ് യൂശീദാ സാഹിബ് പറയുന്നു:

'ഞങ്ങൾ ജൽസയുടെ എല്ലാ സെഷനുക ളിലും പങ്കെടുത്തു. എന്റെ ഭാര്യ സ്ത്രീക ളുടെ പന്തലിലും പോയിരുന്നു. ഞങ്ങൾ എല്ലാ സെഷനുകളും കാണുകയുണ്ടായി. കുറച്ചുനേരത്തേക്ക് ബാസാറിലും പോയി. എല്ലാ സ്ഥലത്തും സന്നദ്ധരും ജാഗരൂകരു മായ വളണ്ടിയർമാരുടെ സേവനം മാതൃകാപ രമായിരുന്നു. ആദ്യദിവസം മുതൽ അവസാന ദിവസംവരേയും വളണ്ടിയർമാരുടെ ആവേ ശവും വികാരവും ഒരുപോലെ നിലനിന്നിരു ന്നു. ജൽസയിൽ പങ്കെടുക്കുന്ന അഹ്മദികളും നല്ല ആതിഥേയരും ഇടപഴകുന്നവരുമായിരു ന്നു. ലോകത്തെ നൂറിലധികം രാജ്യങ്ങളിലെ ആളുകൾ ഒരു സ്ഥലത്ത് ഒരുമിച്ച് കൂടുമ്പോൾ പല കാര്യങ്ങളിലും വൈജാത്യമുണ്ടാകും. പല പ്രശ്നങ്ങളും ഉണ്ടാകാനുമിടയുണ്ട്. എന്നാൽ, ഇവിടെ എല്ലാവരുടേയും സ്വഭാവവും പെരുമാ റ്റവും ഒരേപോലെ കാണാൻ കഴിഞ്ഞു. ആരെ യെങ്കിലും വഴിയിൽ തടഞ്ഞാൽ അവർ അവി ടെ നിൽക്കുമായിരുന്നു. നമസ്കാരത്തിനും ജൽസക്കും വേണ്ടി വിളിക്കുമ്പോൾ താമസം വിനാ എത്തിച്ചേർന്നിരുന്നു. പറയുന്നു: നമ്മുടെ ഈ ജൽസയുടെ ദൃശ്യങ്ങൾ മറക്കാൻ കഴിയി ല്ല." അദ്ദേഹം ഞാനുമായി കൂടിക്കാഴ്ചയും നടത്തിയിരുന്നു. ഞാൻ അദ്ദേഹത്തോടു പ റഞ്ഞു, ഏകദൈവത്തിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണ്. അത് സംബന്ധിച്ച് ചിന്തി ക്കുകയും മനസ്സിലാക്കുകയും വേണം. അതു പോലെ മനുഷ്യത്വത്തെ സ്നേഹിക്കാനും ഞാൻ ആവശ്യപ്പെട്ടു. അദ്ദേഹം പറയുന്നു: ഞാൻ ബുദ്ധമതാനുയായി ആയതുകൊണ്ട് പരമ്പരാഗതമായി ഏകദൈവത്തിൽ വിശ്വസി ക്കുന്ന ആളല്ല. എന്നാൽ, എന്റെ മനസ്സ് പ റയുന്നു, ഈ ലോകത്തിന് ഒരു സ്രഷ്ടാവും ഉടമസ്ഥനുമുണ്ടെന്ന്. നമ്മളെല്ലാം അവന്റെ സൃഷ്ടികളാണ്. സ്രഷ്ടാവും ഉടമസ്ഥനുമായ ആ ദൈവത്തിന്റെ സാമീപ്യം നമുക്ക് പ്രാപി ക്കാൻ കഴിയും. എന്തായാലും അല്ലാഹുവി ലേക്ക് ചുവടു വെക്കുന്നതിന്റെ ചിന്ത അദ്ദേ ഹത്തിലുണ്ടായിട്ടുണ്ട്.

കോസോവോ(Kosovo)യിൽനിന്ന് ഒരു അതിഥി വന്നിരുന്നു, അസീസ് നേസരി സാഹി ബ്. അദ്ദേഹം പറയുന്നു; ആദ്യമായി ജൽസ യിൽ പങ്കെടുക്കാൻ അവസരം കിട്ടി. വളരെ സന്തോഷമുണ്ടായി. എല്ലാ കാര്യങ്ങളും അടു ക്കുംചിട്ടയോടുംകൂടി നടക്കുകയായിരുന്നു. പ്രത്യേകിച്ചും പ്രസംഗങ്ങൾ വളരെ ഫലപ്ര ദമായിരുന്നു. കാലത്തിന്റെ ഖലീഫയുടെ പ്ര സംഗങ്ങൾകേട്ട് ഞാനെന്റെ ഉള്ളിൽ ആത്മീയ മായ മാറ്റമുണ്ടാകുന്നത് കാണുന്നു. ഇവയോ ടൊപ്പം ഞാൻ തിരിച്ചുപോകുന്നതായിരിക്കും. ഇവിടുത്തെ നമസ്കാരം എന്റെ മനസ്സിൽ ഒരു ശാന്തി ഉണ്ടാക്കിയിരിക്കുന്നു. അദ്ദേഹം പറയുന്നു: ഞാനൊരു വൃദ്ധനാണ്. അടുത്ത വർഷവും ഈ ആത്മീയ ചുറ്റുപാടിൽ പങ്കെ ടുക്കാൻ അവസരം കിട്ടുന്നതിന് ദുആ ചെയ്യു ന്നു. അദ്ദേഹം പറയുന്നു:ഈ അന്തരീക്ഷം എന്റെ ഉള്ളിൽ ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ ഒരു സ്നേഹം നിറച്ചിരിക്കുന്നു. ഞാനെവിടെ പോയാലും ഇതിനെക്കുറിച്ച് തീർച്ചയായും പറയുന്നതായിരിക്കും. ഈ ഭാഗത്തേക്ക് ആളുകളുടെ ശ്രദ്ധ ക്ഷണിക്കുന്നതായിരി ക്കും; അതായത് അഹ്മദിയ്യത്തിന്റെ യഥാർഥ അധ്യാപനം പഠിക്കാൻ! തെളിവുകൾകൊണ്ട് ഭരിതമായ ഖലീഫത്തുൽമസീഹിന്റെ സമാ പന പ്രഭാഷണത്തെ കുറിച്ചും തീർച്ചയായും പറയുന്നതായിരിക്കും. കാരണം ഞാൻ സ്വയം ഇക്കാര്യത്തിന് സാക്ഷിയാണ്. ബയ്അത്തു ചെയ്യുന്നതിനുമുമ്പേ ബ്രശ്ത്തീനാ നഗരത്തിൽ ജമാഅത്തിന്റെ മിഷൻഹൗസുണ്ടായിരുന്നു. അതിനടുത്ത് ഒരു കടയുണ്ടായിരുന്നു. ചില പ്പോഴൊക്കെ ഈ കടയിൽ പോകുമ്പോൾ മുസ്‌ലിമായ കടയുടമ-ഞാൻ മിഷൻഹൗ സിൽപ്പോയി നമസ്കരിക്കാറുണ്ടെന്ന് അറി ഞ്ഞപ്പോൾ-പറഞ്ഞു: 'താങ്കൾ ഈ മസ്ജിദിൽ പോകരുത്. ഇവർ ഖാദിയാനികളാണ്. ഇവർ പുതിയൊരു നബിയെ ഉണ്ടാക്കിയിരിക്കുന്നു. ഇവരുടെ നബി, നബി(സ)തിരുമേനിയെ ചീത്ത പറയുന്നയാളാണ്. അയാൾ ഇസ്‌ലാമിൽ ബിദ്അത്തുകളുണ്ടാക്കിയിരിക്കുന്നു. ഇസ്‌ലാ മികാധ്യാപനങ്ങൾ മാറ്റിയിരിക്കുന്നു.' പക്ഷേ, ഞാൻ തുടർച്ചയായി നമസ്കാരങ്ങൾക്ക് വന്നുകൊണ്ടിരുന്നു. ചോദ്യങ്ങൾക്ക് മറുപടി കരസ്ഥമാക്കിക്കൊണ്ടിരിക്കുകയും ചെയ്തു. അല്ലാഹു എന്റെ ഹൃദയത്തെ അഹ്മദിയ്യത്തി നുവേണ്ടി പ്രകാശിതമാക്കി. എന്നാൽ, ഈ പ്രഭാഷണങ്ങൾ കേട്ടു കഴിഞ്ഞപ്പോൾ, അന ഹ്മദികളായ വിശ്വാസികൾ എങ്ങനെയാണ് ജമാഅത്തിൽനിന്ന് ആളുകളെ അകറ്റുന്ന തെന്ന് ഒരിക്കൽകൂടി ബോധ്യമായി. ഏതാ യാലും ഞാൻ അവിടെപോയി ഈ പ്രഭാഷണ ത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികൾകൊണ്ട് മറുപടി നൽകുന്നതാണ്."

ചിലിയിൽനിന്ന് വന്ന ഉമർ ഗയ്ബുർ സാ ഹിബ് പറയുന്നു: ഇദ്ദേഹം ചിലി ദേശീയ ഭരണകൂടത്തിൽ ഡയറക്ടർ ഓഫ് വർഷിപ്പ് എന്ന നിലയ്ക്ക് പ്രവർത്തിച്ചുകൊണ്ടിരി ക്കുന്നു. ഇദ്ദേഹം പറയുന്നു: രാജ്യത്ത് സ്ഥാപിതമായിട്ടുള്ള എല്ലാ മതസംഘടന കളുടേയും രജിസ്ട്രേഷൻ മുതലായ കാര്യ ങ്ങളിൽ ചിലി സർക്കാരിനെ സഹായിക്കു കയാണ് എന്റെ ജോലി. ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് ചിലിയിലുള്ള മുസ്‌ലിം സംഘടനകളോട് ചോദിച്ചപ്പോൾ എല്ലാവരും മോശം പ്രതികരണമാണ് നട ത്തിയത്. അതായത് അവർ മുസ്‌ലിമീങ്ങ ളല്ലെന്ന് പറഞ്ഞു. ഇദ്ദേഹം പറയുന്നു: ഞാൻ നിങ്ങളുടെ ഖലീഫയുമായി കൂടിക്കാഴ്ച നടത്തി. ഇനി ഞാൻ എന്റെ റോൾ ഭംഗിയായി നിർവഹിക്കുമെന്ന് നിങ്ങളോടു വാഗ്ദാനം ചെയ്യുന്നു. മാത്രമല്ല എന്റെ കീഴിലുള്ളവ രോടു അഹ്മദികൾ വെറും മുസ്‌ലിമീങ്ങ ളല്ല പ്രത്യുത ഏറ്റവും നല്ല മാതൃകാ മുസ്‌ലി

മീങ്ങളാണെന്ന് പറയുകയും ചെയ്യുന്നതാണ്. ഞാൻ ചിലിയിൽ അഹ്മദിയ്യത്ത് സ്ഥാപിക്കുന്ന കാര്യത്തിലും നല്ലപോലെ ശ്രമിക്കുന്നതായിരിക്കും. ഇദ്ദേഹം പറയുന്നു: എനിക്ക് ഖലീഫയുടെ ആദ്യ ദിവസത്തെ പ്രഭാഷണം നല്ലപോലെ ഇഷ്ടപ്പെട്ടു. അതിൽ അച്ചടക്കത്തെ കുറിച്ചും സംഘടനാപരമായ കാര്യങ്ങളെ കുറിച്ചും താൻ തന്നെ ഖുത്ബ നല്കി. അദ്ദേഹം പറയന്നു: ഞാനൊരുപാട് മതപരമായ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. പക്ഷേ, ഞാനൊരിക്കലും ഏതെങ്കിലും മതനേതാവ് സ്വയം സംഘടനാപരമായ കാര്യങ്ങളിലേക്ക് മാർഗദർശനം നല്കുന്നത് കണ്ടിട്ടില്ല. ഖുത്ബ കേട്ട് വളരെ അത്ഭുതം തോന്നി. അതിനോടൊപ്പം സന്തോഷവും. കാരണം ഇക്കാര്യം പറയുന്നത് നിങ്ങളുടെ ഖലീഫ ജമാഅത്തിന്റെ ആത്മീയപരവും ധാർമികവുമായ ഉയർച്ചയ്ക്കുവേണ്ടിയും സംഘടനാപരമായ ഉന്നതിക്കുവേണ്ടിയും ശ്രമിക്കുന്നുവെന്നാണ്.

ഹോളണ്ടിൽനിന്നുവന്ന ഒരു സ്ത്രീ മിസിസ്സ് പാട്രീഷ്യാ സാഹിബ പറയുന്നു: "ഏറ്റവുമാദ്യം ഞാൻ യു.കെ ജൽസ 2024-ലെ നിങ്ങളുടെ അതിഥി സൽക്കാരത്തിന് നന്ദി പറയട്ടെ. ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്ന് ഇന്തൊനേഷ്യ മുതൽ അമേരിക്കവരെയുള്ള രാജ്യങ്ങളിലെ ആളുകളുണ്ടായിരുന്നു. ഞാൻ നിങ്ങളുടെ 'പീസ്പാക്ക് വാക്' സമാധാന സമ്മേളനം പോലുള്ള പരിപാടികളിലും സമാധാന സമ്മേളനങ്ങളിലും പങ്കെടുക്കാറുണ്ട്. ഇപ്പോൾ ജൽസയിൽ പങ്കെടുത്തത് എന്റെ അടുത്ത ചുവടുവയ്പാണ്. ഇവിടെ ദിവസം ആയിരക്കണക്കിനാളുകളെ ഹാന്റിൽ ചെയ്യുകയും ഒരു ഗ്രാമത്തിന്റെ മാതൃകയിൽ അതിന്റെ നിർമാണം എല്ലാ ലോജിക്കോടെയും സൗകര്യങ്ങളോടെയും ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. വലിയൊരു ജനസഞ്ചയം മറ്റുള്ളവരുമായി സഹകരിക്കുന്നത് കാണാനിടയായി. ഒരു ലൈനുകളുമില്ലായിരുന്നു. ആളുകൾ കൂടെക്കൂടെ ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുമുണ്ട്. ജൽസയെ സഭവ്യമാക്കിത്തീർക്കുന്നതിന് പ്രവർത്തകരുടെ ടീമിനും വളണ്ടിയർമാരുടെ ടീമിനും അഭിനന്ദനങ്ങൾ. യുവാക്കളും വിദ്യാർഥികളും എല്ലാവരുടേയും ചെറിയ കാര്യങ്ങളിൽപോലും വ്യാപൃതരായി കാണുന്നതും ഒരു വലിയ ഉദ്ദേശ്യത്തിനുവേണ്ടി സഹകരിച്ചു കാണുന്നതും സന്തോഷപ്രദമാണ്. വിവിധ സെഷനുകളിൽ പങ്കെടുത്തപ്പോൾ ഊർജവും സമാധാനവും കിട്ടി. പ്രത്യേകിച്ചും ആഗോള ബയ്അത്ത് ജീവിതത്തിലൊരിക്കലും മറക്കുന്നതല്ല. ജമാഅത്ത് ചെയ്യുന്നതുപോലെ ലോകത്ത് എല്ലാവരും മനുഷ്യത്വത്തിനുവേണ്ടിയും കൂടുതൽ ഉണർവ്വും സഹാനുഭൂതിയും പ്രദർശിപ്പിച്ചാൽ തീർച്ചയായും ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്.

അർജന്റീനിയായിൽനിന്നു തോമസ് റാൻഡിൽ സാഹിബ് അതിഥിയായി എത്തിയിരുന്നു. അദ്ദേഹം അർജന്റീനിയായിലെ നാഷണൽ സെക്രട്ടറിഓഫ്‌വേർഷിപ്പിന്റെപ്രതിനിധിയാണ്. അദ്ദേഹം പറയുന്നു: 'നിങ്ങളുടെ ജൽസയെ ഞാൻ അസൂയാർഹമായ കണ്ണുകളോടെയാണ് നോക്കികാണുന്നത്. നിങ്ങൾ എത്ര മനോഹരമായും അച്ചടക്കത്തോടെയുമാണ് ഇത്രയും വലിയ ജനസഞ്ചയത്തിന് സംവിധാനമൊരുക്കിയിരിക്കുന്നത്. ഞങ്ങളുടെ നാട്ടിൽ ഇതു സാധ്യമല്ല. മറിച്ച് പോലീസിന്റെ സാന്നിധ്യത്തിൽപോലും ഇത്ര വലിയ സമ്മേളനത്തെപ്പറ്റി ചിന്തിക്കാൻ കഴിയില്ല. സ്ത്രീകളോടുള്ള ഖലീഫയുടെ പ്രഭാഷണമുണ്ടായിരുന്നു. സാമൂഹികമായ സമ്മർദ്ദവും പാശ്ചാത്യലോകത്തിന്റെ പ്രഭാവവുമുണ്ടായിട്ടുപോലും നിങ്ങൾ നിങ്ങളുടെ തത്ത്വങ്ങളിൽ ഉറച്ചുനിൽക്കുന്നുവെന്നത് എനിക്കിഷ്ടപ്പെട്ടു. ഒരു ക്രിസ്ത്യൻ എന്ന നിലയ്ക്ക് അവിടെ പറഞ്ഞ എല്ലാ കാര്യങ്ങളോടും എനിക്ക് യോജിക്കാൻ സാധ്യമല്ല. എന്നാൽ, കുടുംബജീവിതത്തെപ്പറ്റി വിവരിച്ച കാര്യങ്ങൾ ഒരു അമുസ്‌ലിം ആണെങ്കിൽപോലും എനിക്ക് വളരെ പ്രയോജനപ്പെടുകയുണ്ടായി.

തായ്‌വാനിൽനിന്നുവന്ന അതിഥി ഡോക്ടർ ക്രിസ്റ്റി ചാങ് സാഹിബ പറയുന്നു: ഞങ്ങളെ എയർപോർട്ടിൽ സ്വീകരിച്ചു. വളരെ നല്ല ആതിഥേയത്വമായിരുന്നു. തുടർന്ന് ജൽസയിൽ പങ്കെടുക്കാൻ കഴിഞ്ഞു. അവിടെ ആയിരക്കണക്കിന് വളണ്ടിയർമാർ ജോലി ചെയ്യുന്നത് കാണാനിടയായി. ഞാൻ ആശ്ചര്യഭരിതയായി. ഞാൻ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വലിയ വലിയ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ, വളണ്ടിയർമാർ നടത്തുന്ന ഇത്രയും വലിയ സമ്മേളനം ഞാൻ എവിടേയും കണ്ടിട്ടില്ല. ലജ്നയോടുള്ള പ്രഭാഷണത്തിൽ ഖലീഫത്തുൽ മസീഹ് അഹ്മദി പെൺകുട്ടികളോടു എങ്ങനെയാണ് ജീവിക്കേണ്ടതെന്ന് വളരെ മനോഹരമായി പഠിപ്പിച്ചുകൊടുക്കുകയുണ്ടായി. ഈ പ്രഭാഷണത്തിനിടയിൽ ഞാൻ കുട്ടികളുടെ മുഖഭാവങ്ങൾ ശ്രദ്ധിച്ചിരുന്നു. അവർ അത് സശ്രദ്ധം ശ്രവിക്കുന്നത് കാണുമ്പോൾത്തന്നെ അഹ്മദി ബാലികമാരും യുവതലമുറയും ഖലീഫയോടു എത്രമാത്രം സ്നേഹമുള്ളവരാണെന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഞാൻ ഖലീഫയെ ആദ്യമായാണ് സന്ദർശിക്കുന്നത്. ഞാൻ കരുതിയത് ഈ കൂടിക്കാഴ്ച തികച്ചും വലിയ ഫോർമൽ ലെവൽ ആയിരിക്കുമെന്നാണ്. വളരെയേറെ കൃത്യതയും നിർദ്ദേശങ്ങളും അഭിമുഖീകരിക്കേണ്ടിവരുമെന്നും കരുതി. പക്ഷേ, ഒരു ഫോർമാലിറ്റിയുമില്ലാതെ ഞങ്ങളുടെ സംസാരം നടന്നു. പൊതുവായ വിവരണങ്ങളും തായ്‌വാനെ സംബന്ധിച്ചും ചോദിക്കുകയുണ്ടായി. ഞങ്ങൾക്ക് ഒരുപാടു കാര്യങ്ങൾ ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, ഖലീഫയുടെ ചോദ്യങ്ങൾക്കു മറുപടി പറയുന്നതിൽ ഞങ്ങൾ ലയിച്ചതുകൊണ്ട് ഞങ്ങൾക്കൊന്നും ചോദിക്കാൻ കഴിഞ്ഞില്ല. ഏതായാലും ജൽസ അവരിൽ നല്ല പ്രഭാവമാണുണ്ടാക്കിയത്.

തായ്‌വാനിൽ നിന്നുവന്ന മറ്റൊരു അതിഥി ഡോക്ടർ ഫരീക് സാഹിബാണ്. അദ്ദേഹം പറയുന്നു: "ഞാൻ നീണ്ട യാത്രയ്ക്കുശേഷമാണ് ഈ ജൽസയിൽ പങ്കെടുത്തത്. തായ്‌വാനിൽനിന്ന് പുറപ്പെട്ട് ബീജിംഗിലെത്തുമ്പോൾ തായ്‌വാനിൽ പ്രകൃതിക്ഷോഭം കാരണം ഫ്ളൈറ്റ് കാൻസലായി. എങ്കിലും ഞങ്ങൾ യാത്ര ചെയ്ത് സസുഖം ഇവിടെയെത്തിച്ചേർന്നു. ഞങ്ങളുടെ യാത്ര ഒരു അത്ഭുത ദൃഷ്ടാന്തമാണെന്ന് എനിക്ക് തോന്നിയിരുന്നു. ജൽസയിൽ പങ്കെടുത്തപ്പോൾ അതൊരു ദൈവികനിമിത്തമാണെന്ന് എനിക്ക് അനുഭവപ്പെടുന്നുണ്ടായിരുന്നു. ജൽസയുടെ ഉദ്ഘാടന പ്രഭാഷണത്തിൽ ഖലീഫ, ഇതൊരു ലൗകിക സമ്മേളനമല്ല, മറിച്ച് ആത്മീയ സമ്മേളനമാണെന്ന് പറയുന്നതു കേട്ടപ്പോൾ എന്റെ വിശ്വാസം വീണ്ടും ദൃഢഗാഢമായിത്തീർന്നു. ഒരുപാട് പ്രയാസങ്ങളുണ്ടായിട്ടും അല്ലാഹു ജൽസയിൽ പങ്കെടുക്കാൻ അവസരം തന്നത് അവന്റെ വരദാനത്തിന്റേയും അത്ഭുതത്തിന്റേയും ഫലമായിരുന്നു. ഞങ്ങൾ ഭാര്യാഭർത്താക്കന്മാർ ജൽസയിൽ പങ്കെടുക്കുന്ന ആദ്യത്തെ തായ്‌വാൻകാരാകുന്നു. ഞങ്ങൾ ഞങ്ങളുടെ നാട്ടുകാരോട്, അഹ്മദിയ്യാ ജമാഅത്ത് വളരെ സമാധാനവും സുസജ്ജവും, ധാർമികതയുമുള്ള ജമാഅത്താണെന്ന് പറയുന്നതായിരിക്കും. അടുത്തവർഷം കൂടുതൽ അതിഥികളെ ജൽസയിൽ പങ്കെടുപ്പിക്കാൻ ആഹ്വാനം ചെയ്യുന്നതുമാണ്.

കാനഡയിൽനിന്നു വന്നിട്ടുള്ള യാസിൻ അഹ്മദി സാഹിബ് ഇറാനിയൻ വംശജനാണെന്ന് തോന്നുന്നു. ഫിലോസഫിയിൽ പി.എച്ച്.ഡി എടുത്തിട്ടുണ്ട്. പത്രപ്രവർത്തകനുമാണ്. അദ്ദേഹം പറയുന്നു: ഞാൻ അഹ്മദിയ്യാ ജൽസാ സാലാനയെ മതപരമായ നിലയിൽ വളരെ യുക്തിസഹവും ബൗദ്ധികവും മഹത്തായതുമായ ഒന്നായിട്ടാണ് നോക്കിക്കാണുന്നത്. ജൽസാസാലാനയുടെ ആത്മാവ് മുസ്‌ലിമീങ്ങൾക്കിടയിൽ സമത്വത്തിന്റെ അടയാളങ്ങളാൽ സമ്മേളിതമായിരുന്നു. ജൽസയിൽ പങ്കെടുത്തതു മുതൽ മുസ്‌ലിമീങ്ങൾവരണ്ട,ഫ്ളക്സിബിൾഅല്ലാത്ത മതപരമായ വ്യാഖ്യാനങ്ങളിൽനിന്നുമാറി ഭൂമിയിൽ ജീവിക്കുന്ന മനുഷ്യരോടു സഹാനുഭൂതി കാണിക്കാനുള്ള ചക്രവാളത്തിലേക്ക് തിരിച്ചുവരുന്നുവെന്ന് തോന്നും. അത് അഹ്മദിയ്യാ ജമാഅത്തിനെ കണ്ടപ്പോഴാണുണ്ടായത്. അഹ്മദികളുടെ പ്രൗഢിയും ക്ഷമ


• ഹദീഥുന്നബ്‌വി(സ) •

"ദന്തധാവിനി (മിസ്‌വാക്ക്, ബ്രഷ്) വായ ശുദ്ധീകരിക്കുന്നു. അത് രക്ഷിതാവിന്റെ പ്രീതി സമ്പാദിക്കുന്നതിനുള്ള മാർഗവുമാകുന്നു." (ബുഖാരി. 30:27)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി(സ) •

"ബാങ്കുവിളിക്കുമ്പോൾ രണ്ടു ചൂണ്ടാണി വിരലുകളും ചെവിയിലിടുക. ഇത് ശബ്ദമുയർത്തുന്നതിന് സഹായിക്കും."
(മിശ്ക്കാത്ത് 4:4)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

യും സഹിഷ്ണുതയും ഇസ്‌ലാമികാധ്യാപനങ്ങളുടെ സമത്വ ദർശനവും നൂറ്റാണ്ടുകളായുള്ള മതപരമായ രക്തച്ചൊരിച്ചലിനും ഉഗ്രവാദത്തിനുംശേഷം ദൈവിക നിദർശനങ്ങൾക്കുകീഴിൽ ഒരു സമാധാനപൂർണമായ ജീവിതത്തിനുള്ള സുവാർത്തയാണ്. അഹ്മദിയ്യാ അധ്യാപനങ്ങൾ നവീന സംസ്കാരവുമായി ചേർന്നുകൊണ്ട് പ്രകടമായ സുന്ദരദർശനമാണ്. അഹ്മദിയ്യാ വീക്ഷണങ്ങൾ കൂടുതൽ പ്രൗഢമായും വേഗത്തിലും മുസ്‌ലിമീങ്ങൾക്കിടയിലും ലോകത്തിലെ വിവിധ ആളുകൾക്കിടയിലും പരക്കുമെന്നും, അങ്ങനെ എല്ലാവരും സന്തോഷപ്രദവും വിജയശ്രീലാളിതവുമായ ജീവിതം അനുഭവിക്കാൻ ഇടവരുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

ബെലീസിൽ(Belize) നിന്ന് വന്ന അതിഥി റൊണാൾഡ് ഹയ്ഡ് പറയുന്നു: ബയ്അത്ത് വേളയിലുണ്ടായ വികാരങ്ങൾ വിവരണാതീതമാണ്. ദൈവത്തിന്റെ സാന്നിധ്യവും അനുഭവപ്പെടുന്നുണ്ടായിരുന്നു. ഒരുപാടാളുകൾ ഭൗതിക ചിന്തകൾക്കപ്പുറം ഉച്ചത്തിൽ കരയുകയും പാപപൊറുതിക്കുവേണ്ടി കരഞ്ഞ് കരഞ്ഞ് പ്രാർഥിക്കുകയുമായിരുന്നു. ബയ്അത്തിന്റെ ഈ അനുഭവം അദ്ദേഹത്തിൽ വളരെ ആഴത്തിലുള്ള അടയാളങ്ങളാണുണ്ടാക്കിയത്. ഇത്രയും വലിയ സമ്മേളനത്തിൽ, ജനസഞ്ചയത്തിൽ മദ്യവും സംഗീതവുമില്ലാതെ കാണുന്നത് തീർച്ചയായും അത്ഭുതാവഹമാണ്. എല്ലാവരും ആത്മീയതയിൽ മുന്നേറാൻ ശ്രമിക്കുന്നുവെന്നത് തീർച്ചയായും ശ്ലാഘനീയമാണ്. ഇത് തീർച്ചയായും ജീവിതം മാറ്റിമറിക്കുന്ന അനുഭവമാണ്. ഡ്യൂട്ടിക്കാരെ മാത്രമല്ല പങ്കെടുക്കുന്നവരെ കാണുമ്പോഴും അതൊരു നിശബ്ദതബ്‌ലീഗായി മാറുന്നു.

ബൊളീവിയ മുബല്ലിഗ് പറയുന്നു: കാർലോസ് ഹേഗൽ സാഹിബ് ഇപ്രാവശ്യം ജൽസയിൽ വന്നിരുന്നു. മൂന്നാമത്തെ തവണയാണ് അദ്ദേഹം വരുന്നത്. കുറച്ചുകാലമായി ഇസ്‌ലാമികാധ്യാപനങ്ങളെ സംബന്ധിച്ച് പഠിക്കുകയായിരുന്നു. ഒരുമാസം മുമ്പേ ബയ്അത്ത് ചെയ്തിരുന്നു. ജൽസാസാലാനയിൽ ആഗോള ബയ്അത്തിൽ പങ്കെടുക്കാനുള്ള തൗഫീഖും അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹം പറയുന്നു: ജൽസാസാലാന യു.കെ എന്റെ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ ആത്മീയ അനുഭവമാകുന്നു. എന്റെ മനസ്സും ആത്മാവും ആഗോള ബയ്അത്തിൽ പങ്കെടുത്തശേഷം ആത്മീയതയിൽ നിറഞ്ഞതായി എനിക്ക് അനുഭവപ്പെടുന്നു. ഞാൻ ഒരു യഥാർഥ അഹ്മദിയായിരിക്കുന്നു. ഒരു നവാഗത അഹ്മദി എന്ന നിലയിൽ കാലത്തിന്റെ ഖലീഫ എന്നോടു ഉപദേശിച്ചുകൊണ്ട് പറഞ്ഞു: "നമസ്കാരം ശ്രദ്ധാപൂർവ്വം അനുഷ്ഠിക്കുകയും അല്ലാഹുവുമായി സുദൃഢ ബന്ധമുണ്ടാക്കുകയും ബൊളീവിയൻ ജമാഅത്തിലെ അഹ്മദികളെ വിശുദ്ധഖുർആൻ പഠനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുക." അദ്ദേഹം പറയുന്നു: 'ഞാനിക്കാര്യങ്ങൾ സ്വയം ചെയ്യുന്നതും മറ്റുള്ളവരോടു പറയുന്നതുമാണ്.'

യുറുഗ്വേ(Uruguay)യിൽനിന്നുവന്ന അനഹ്മദി അതിഥി മാരിയ സോലിസ് ഫ്രേങ്ക സാഹിബ പറയുന്നു: "ജൽസാസാലാന എന്റെ പ്രതീക്ഷകൾക്കുമപ്പുറത്തായിരുന്നു. ഒന്നാമത് അതിഥികളുടെ താമസം മാതൃകാപരമായിരുന്നു. പ്രഭാഷണങ്ങൾ ആകർഷണീയമായിരുന്നു. ആദ്യത്തെ സെഷൻ എനിക്ക് ഏറെ ഇഷ്ടമായി. 'ലവ് ഫോർ ഓൾ, ഹേട്രഡ് ഫോർ നൺ' എന്ന സന്ദേശം വായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് വളരെ മഹത്തായ കാര്യമാണ്. ഞാൻ പൊതുവിൽ സാഹോദര്യത്തിന്റെ പരിമളമാണ് അനുഭവിച്ചത്. സംഘാടകരും നല്ല നിലയിൽ പ്രവർത്തിച്ചു. ഒരു വലിയ പരിപാടി ആയിരുന്നിട്ടുപോലും എവിടേയും തിക്കുംതിരക്കും കാണുകയോ നിയന്ത്രണാതീതമാകുന്നതോ കണ്ടില്ല. കാറുകൾക്ക് ആസൂത്രിതമായ രീതിയിൽ വഴികളും വ്യക്തമായ പട്ടാളച്ചിട്ടയുമായിരുന്നു. അത് പങ്കെടുത്ത എല്ലാവരേയും ഹഠാദാകർഷിച്ചു. ജൽസയിൽ പങ്കെടുത്തത് എന്നിൽ നല്ല പ്രഭാവമാണുണ്ടാക്കിയത്. ഏറ്റവും സ്മരണീയ മുഹൂർത്തം. അഹ്മദികളുടെ സത്യപ്രതിജ്ഞ പുതുക്കുന്ന ഞായറാഴ്ചയുണ്ടായ പ്രോഗ്രാമാണ്. അതായത് ബയ്അത്ത്! അവിടെ എല്ലാവരും ഒരുമിച്ചുചേർന്ന് പ്രാർഥിക്കുകയും കണ്ണീരൊഴുക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഇത്രയും ശക്തമായ വികാരം ഞാൻ മുമ്പേയൊരിക്കലും കണ്ടിട്ടില്ല. എനിക്ക് എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ, അത് പ്രോഗ്രാമുകൾക്കിടയിൽ അതിഥികൾക്ക് കൂടുതൽ സക്രിയമാകാൻ കഴിയണം എന്നതു മാത്രമാണ്. അതുപോലെ അതിഥികളായെത്തുന്ന സ്ത്രീകളോടു തട്ടമിടാൻ നിർബന്ധിക്കരുത്. (അതിൽ നിർബന്ധിക്കുന്നില്ല. അവർ തെറ്റിദ്ധരിച്ചതോ ഏതെങ്കിലും വളണ്ടിയർ സ്വന്തം നിലക്ക് പറഞ്ഞതോ ആയിരിക്കും. പൊതുവിൽ നമ്മൾ അതും അങ്ങനെ പറഞ്ഞിട്ടുണ്ടാകില്ല എന്നാണ് ഞാൻ കരുതുന്നത്.) അവർ പറയുന്നു: 'ഹിജാബ് അവിടെ സൗകര്യമുള്ളവർ അണിയട്ടെ എന്ന് കരുതേണ്ടതാണ്. പക്ഷേ, ഞങ്ങൾക്ക് പറയാനുള്ളത് വസ്ത്രം കുലീനമായിരിക്കണമെന്ന് മാത്രമാണ്.'

കോസ്റ്ററിക്ക(Costa Rica)യിൽനിന്ന് വന്ന അതിഥി ലോറീനവില്ല ലോബോസ് പറയന്നു: കോസ്റ്ററിക്കയിൽ മുസ്‌ലിം വിഭാഗങ്ങളുമായി എനിക്കു ബന്ധമുണ്ട്. പക്ഷേ, അവിടെയൊന്നും സ്ത്രീകൾക്ക് പ്രത്യേകിച്ച് പങ്കാളിത്തമൊന്നും കണ്ടിട്ടില്ല. പുരുഷന്മാർ മാത്രം മതത്തെ പ്രതിനിധാനം ചെയ്യുന്നു. അവർ പ്രത്യേക മതസ്ഥാനങ്ങൾ വഹിക്കുകയും ചെയ്യുന്നു. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാസാലാനയിൽ പങ്കെടുത്തപ്പോൾ അഹ്മദിയ്യാ ജമാഅത്ത് സ്ത്രീകൾക്ക് പുരുഷന്മാർക്ക് തുല്യമായ സ്ഥാനം നൽകുന്നത് കണ്ട് അത്ഭുതവും സന്തോഷവും തോന്നി. രണ്ടാം ദിവസം സ്ത്രീകളുടെ ജൽസാഗാഹിൽ പോയപ്പോൾ സ്ത്രീകളുടെ അച്ചടക്കവും വളരെ നല്ല നിലവാരത്തിലുള്ളതായി കാണപ്പെട്ടു. അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കാനും, ഇന്റർഫെയ്ത്ത് ഡയലോഗിനും വേണ്ടി പ്രവർത്തിക്കുന്നവരാണെന്ന് എന്നോടു പറയപ്പെട്ടു. അതൊക്കെ വാചകക്കസർത്ത് മാത്രമാണെന്നായിരുന്നു ഞാനാദ്യം കരുതിയത്. എന്നാൽ, ജൽസയിൽ പങ്കെടുത്ത് എന്റെ അനുഭവത്തിലൂടെ കണ്ടതിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയട്ടെ, ജമാഅത്ത് മറ്റുള്ളവരോടു പറയുന്നത് സ്വയം പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. ജമാഅത്തിന്റെ വിശ്വാസവും കർമവും ഒന്നാകുന്നു."

ബുറുണ്ടിയിൽനിന്നുവന്ന അതിഥി ബുറുണ്ടിയിലെ സാമൂഹിക സമത്വത്തിന്റേയും മനുഷ്യാവകാശങ്ങളുടേയും മന്ത്രാലയത്തിൽ സെക്രട്ടറിയാണ്. തന്റെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് പറയുന്നു: 'എന്നെ വിമാനത്താവളം മുതൽ താമസസ്ഥലംവരെ വളരെ സ്നേഹോഷ്മളമായി സ്വീകരിക്കുകയുണ്ടായി. യുവവാളണ്ടിയർമാർ എനിക്ക് സ്വീകരണം നൽകി. തുടർച്ചയായി എനിക്ക് നല്ല അതിഥി സൽക്കാരമാണ് ലഭിച്ചത്. മൂന്നുദിവസവും അഹ്മദിയ്യാ ജമാഅത്ത് നിർലോഭമായ സ്നേഹത്തോടെ സുരക്ഷയും മതജാതിവർണവർഗത്തിനതീതമായി നൽകിയ ആതിഥ്യവും എന്നും ഓർക്കുന്നതാണ്. എന്റെ വിശ്വാസം തികച്ചും വ്യത്യസ്തമാണെങ്കിലും നമ്മളെല്ലാം ദൈവത്തിന്റെ സൃഷ്ടികളും പരസ്പരം സ്നേഹിക്കേണ്ടവരും നമ്മളുടേത് ഒരേ രക്തവുമാണ്. ജൽസയിലെ പ്രഭാഷണങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങൾ നിറഞ്ഞതാണ്. അത് അഹ്മദിയ്യാ സമൂഹത്തിന്റെ വിശ്വാസത്തെപ്പറ്റിയുള്ള ചില ആളുകളുടെ തെറ്റായ വിവരണങ്ങളിലേക്ക് വെളിച്ചം വീശുന്നതും അവയ്ക്കുള്ള മറുപടിയുമാണ്. ലോകം മുഴുവനും മുസ്‌ലിമീങ്ങളുടെ വിജയത്തെക്കുറിച്ചുള്ള റിപ്പോർട്ടിൽ നിങ്ങൾ അത്യാവശ്യക്കാരായ ആളുകൾക്ക് സേവനത്തിനുള്ള പദ്ധതികളുണ്ടാക്കി അവരുടെ സഹായത്തിന് തങ്ങളുടെ പങ്ക് നൽകുന്നുവെന്ന് വ്യക്തമാക്കുകയുണ്ടായി. ഞാൻ എന്റെ രാജ്യമായ ബുറുണ്ടിയിൽ ഈ സേവനങ്ങൾക്ക് സാക്ഷിയാണ്. ഇത്രയും

**• ഹദീഥുന്നബ്‌വി(സ) •**

**"ഇമാം ഒരു ജാമ്യക്കാരനും ബാങ്കുകൊടുക്കുന്നയാൾ വിശ്വാസം അർപ്പിക്കപ്പെട്ടയാളുമാകുന്നു. അല്ലാഹുവേ! പ്രാർഥന നയിക്കുന്നവരെ നേർമാർഗത്തിൽ നയിക്കുകയും ബാങ്കു വിളിക്കുന്നവർക്ക് രക്ഷ നല്കുകയും ചെയ്യേണമേ."** (അഹ്മദ്: 2:32)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി(സ) •**

**"നിങ്ങൾ ബാങ്കുകൊടുക്കുന്നതു കേൾക്കുമ്പോൾ മുഅദ്ദിൻ (ബാങ്കുകൊടുക്കുന്നയാൾ) പറയുന്നതിനെ നിങ്ങളും ഏറ്റുപറയുക."** (ബുഖാരി. 10:7)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

വലിയ ഒരു കോൺഫ്രൻസ് മനുഷ്യകൃതമല്ല. ഇത് ദൈവികമാകുന്നു. അത് നിങ്ങൾ ചെയ്യുന്ന എല്ലാത്തിലും ദൈവികകരങ്ങളുണ്ടെന്നതിനുള്ള വളരെ വലിയ അടയാളമാകുന്നു. അല്ലാഹു നിങ്ങളെ സഹായിക്കട്ടെ എന്ന് അദ്ദേഹം പ്രാർഥിക്കുകയും ചെയ്തു.

ഐസ്‌ലാന്റിൽനിന്ന് വന്ന ഒരു അനഹ്മദി അതിഥി സുലയ്മാൻ ബാഹ് സാഹിബ് ജന്മനാ ഗാംബിയനാണ്. അദ്ദേഹം പറയുന്നു: ജൽസയിൽ പങ്കെടുത്തപ്പോൾ ജമാഅത്ത് സംബന്ധിച്ച് അറിവ് വർധിച്ചു. വിവിധ എക്സിബിഷനുകൾ കണ്ടപ്പോൾ ജമാഅത്ത് ലോകം മുഴുവൻ എന്തൊക്കെയാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. വിജ്ഞാനം കരസ്ഥമാക്കാനും പ്രചരിപ്പിക്കാനുമുള്ള ജമാഅത്തിന്റെ പ്രവർത്തനങ്ങൾ എന്നെ ആഴത്തിൽ സ്വാധീനിച്ചു. 43,000 ആളുകൾ പങ്കെടുത്തിട്ടുപോലും പർദയുടെ നിലവാരം നിലനിറുത്തിയിരുന്നു എന്നത് എന്നെ ഹഠാദാകർഷിച്ചു. പുരുഷന്മാരും സ്ത്രീകളും താന്താങ്ങളുടെ ഇടങ്ങളിൽ പ്രവർത്തനനിരതരായിരുന്നു. ഞാൻ നിരവധി ഇസ്‌ലാമിക സമ്മേളനങ്ങളിലും പരിപാടികളിലും പങ്കെടുത്തിട്ടുണ്ട്. അവിടെ ഏതാനും ആയിരം പേരാണുണ്ടാകാറുള്ളത്. സ്ത്രീ പുരുഷന്മാർ ഇടകലരുകയും ചെയ്യുന്നു. എന്നാൽ, ജൽസയിൽ ഇത്ര വലിയ ജനസഞ്ചയമായിട്ടുപോലും പർദ ശ്രദ്ധിക്കുന്നുവെന്നത് നിസ്സാര കാര്യമല്ല. നമ്മുടെ കർമങ്ങളിലൂടെ ഉണ്ടായ ഈ കാര്യവും ഒരു നിശ്ശബ്ദ തബ്‌ലീഗാകുന്നു. അതിൽ ജമാഅത്ത് അഭിനന്ദനമർഹിക്കുന്നു. ജൽസയുടെ സംവിധാനങ്ങളെല്ലാം ഉന്നതമായിരുന്നു. ആളുകൾ പരസ്പരം ബഹുമാനപൂർവ്വം പെരുമാറിയിരുന്നു. വളണ്ടിയർമാർ സന്തോഷത്തോടെ ജോലികൾ നിർവഹിച്ചുകൊണ്ടിരുന്നു. വളരെ സുഗമമായി സംവിധാനങ്ങൾ നടക്കുന്നുണ്ടായിരുന്നു. ഇതെല്ലാം ഏതാനും ദിവസത്തെ തയ്യാറെടുപ്പിന്റെ ഫലമല്ല. മറിച്ച് നീണ്ടകാലത്തെ തയ്യാറെടുപ്പായിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ താമസിച്ചിരുന്നത് ജാമിഅയിലാണ്. അവിടെ വിരിച്ചിരുന്ന കിടക്കയിലാണ് ഞങ്ങളെല്ലാം ഉറങ്ങിയിരുന്നത്. ഒരു വ്യത്യാസവും കൽപ്പിച്ചിരുന്നില്ല. എല്ലാ അതിഥികളോടും ഒരേ നിലയിലാണ് പെരുമാറിയിരുന്നത്. സംവിധാനത്തിൽ നല്ലാതാകുമെന്ന് കരുതി അദ്ദേഹം ഒരു നിർദ്ദേശം പറയുന്നുണ്ട്. അതായത് ജൽസാഗാഹിൽ എ.സി ഉണ്ടായിരുന്നെങ്കിലും ചൂട് അനുഭവപ്പെട്ടിരുന്നു. എയർ വെന്റിലേഷൻ കുറവായിരുന്നു. അതുകൊണ്ട് ഉറക്കം വന്നിരുന്നു. എനിക്ക് മാത്രമാണ് ഉറക്കം വരുന്നതെന്ന് കരുതി ഇടതും വലതും നോക്കിയപ്പോൾ അവരും ഉറക്കം തൂങ്ങുന്നുണ്ടായിരുന്നു. അതുകൊണ്ട് ഊർജ്ജസ്വലരായിരിക്കാൻ കാറ്റിനുള്ള സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.

അർജന്റൈൻ(Argentina)മുബല്ലിഗ് എഴുതുന്നു: മാരിയാന പ്ലാസ സാഹിബ യു.കെയിൽ അർജന്റൈൻ അംബാസിഡറാണ്. അവർ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. അവർ ജൽസയുടെ അന്തരീക്ഷത്തിലും പരിപാടികളിലും നല്ലപോലെ ആകൃഷ്ടയായി. അങ്ങനെ അവർ ജൽസക്കുശേഷം തന്റെ എംബസിയിൽ ഒരു വിരുന്നും നടത്തിയിരുന്നു. അതിൽ അവർ ലാറ്റിൻ-അമേരിക്കയിൽനിന്ന് ജൽസയിൽ പങ്കെടുത്ത അനഹ്മദി അതിഥികളേയും ക്ഷണിച്ചിരുന്നു. ഈ വിരുന്നിൽ അർജന്റൈൻ അംബാസിഡർ പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസയിൽ പങ്കെടുത്ത അനഹ്മദികളായ സർക്കാർ അതിഥികൾ അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം പ്രമോട്ട് ചെയ്യുന്നതിൽ ഭാഗഭാക്കായതിൽ അവരോട് നന്ദി പറഞ്ഞുകൊള്ളുന്നു. പൊതുവിൽ മത സംഘടനകൾ ഡിപ്ലോമേറ്റ്സിനേയും രാഷ്ട്രീയക്കാരേയുമാണ് പ്രത്യേകം എക്സ്റ്റേണൽ പ്രോഗ്രാമുകളിലേക്ക് ക്ഷണിക്കാറുള്ളത്. പരിപാടിയുടെ പ്രത്യേക ചടങ്ങിലേക്ക് വിളിച്ചു പറഞ്ഞുവിടുകയാണ് ചെയ്യുക. എന്നാൽ, അതിന് വിപരീതമായി അഹ്മദിയ്യാ ജമാഅത്ത് നമ്മൾ അനഹ്മദി അതിഥികളിൽനിന്ന് ഒരു കാര്യവും മറച്ചുവെച്ചിരുന്നില്ലെന്നത് ഏറെ അസാധാരണവും ശ്ലാഘനീയവുമാകുന്നു. അതായത് ഇതിൽനിന്ന് നിങ്ങൾക്ക് രഹസ്യ അജണ്ടകൾ ഒന്നുമില്ലെന്ന് മനസ്സിലാകുന്നു. നിങ്ങളുടെ എല്ലാ അധ്യാപനങ്ങളും പരസ്യമാണ്. നിങ്ങൾ അന്യർക്ക് മുന്നിൽ സമർപ്പിക്കുന്ന പാഠങ്ങളും നിങ്ങൾക്കുള്ളിലുള്ള വിശ്വാസങ്ങളും, അജണ്ടയും പരസ്പരപൂരകമാണ്.

ബ്രസീലിൽനിന്നുള്ള ഒരു പത്രാധിപ ഡോകലേനി സാഹിബ ജൽസയിൽ പങ്കെടുത്തിരുന്നു. അവർ പറയുന്നു: ഞാൻ ഈ മഹത്തായ സമ്മേളനത്തിൽ എല്ലാ നിലയ്ക്കും ആകൃഷ്ടയാകുന്നു. പ്രത്യേകിച്ചും അതിന്റെ ചട്ടക്കൂടും, വിവിധ രാജ്യങ്ങളിലെ ഒരുപാടാളുകളുടെ പരസ്പര സ്നേഹവും ജൽസയെ എല്ലാ നിലയ്ക്കും വിജയപ്രദമാക്കാനുള്ള സംവിധാനങ്ങളുമെല്ലാം ശ്ലാഘനീയമാണ്. സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷത്തിൽ വലിയ സന്തോഷം തോന്നുന്നു. അഹ്മദിയ്യാ ഖലീഫയുടെ യുക്തിസഹമായ വാക്കുകൾ എന്റെ ഹൃദയത്തെ സ്പർശിക്കുകയും എന്റെ ബുദ്ധിയെ നല്ല കാര്യങ്ങൾക്കു വേണ്ടി തുറക്കുകയും ചെയ്തിരിക്കുന്നു. ഖലീഫയുടെ വാക്കുകൾ കേവലം ബാഹ്യമായ വാക്കുകൾ അല്ലായിരുന്നു. മറിച്ച്, ഹൃദയത്തിന്റെ ഉള്ളിൽനിന്നുള്ള വാക്കുകളായി അനുഭവപ്പെട്ടു. ഈ ജൽസയിൽ സ്നേഹവും ആദരവും എല്ലാ നിമിഷവും അനുഭവപ്പെട്ടിരുന്നു. വളണ്ടിയർമാരുടെ ഹൃദയാത്മനായുള്ള പ്രവർത്തനങ്ങൾ തീർച്ചയായും മനസ്സിൽ പ്രഭാവമുണ്ടാക്കുന്നതും ശ്ലാഘനീയവുമാകുന്നു.

ബ്രസീലിൽനിന്നുതന്നെയുള്ള മറ്റൊരു പത്രപ്രവർത്തകൻ പറയുന്നു: വളരെ അസാധാരണമായ ജൽസയായിരുന്നു. എന്റെ മനസ്സിൽ അഹ്മദിയ്യാ ജമാഅത്തിനോടുണ്ടായിരുന്ന ആദരവും ഗുണകാംക്ഷത്വരയും ജൽസക്കുശേഷം വളരെയേറെ വർധിച്ചിരിക്കുന്നു. വളണ്ടിയർമാർ തങ്ങളുടെ സമയവും വാഹനവും സേവനവും അതിഥികൾക്കുവേണ്ടി മാറ്റിവെച്ചത് കണ്ടപ്പോൾ അവരുടെ നിർലോഭമായ സേവനം എന്റെ മനസ്സിനെ ഏറെ ആകർഷിക്കുകയുണ്ടായി. ഇത് ഏറെ നല്ല കാര്യമാകുന്നു.

ഇറ്റലിയിലെ യൂണിവേഴ്സിറ്റി ഓഫ് ഫ്ളോറൻസിലെ ഇന്റർഫെയ്ത്ത് ഡയലോഗ്സിന്റെ പ്രൊഫസർ റോബർട്ടോ കാത്തോലാനോ ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു. ഞാൻ ഈ പരിപാടി കണ്ടപ്പോൾ ആശ്ചര്യപ്പെട്ടുപോയി. ഈ ജൽസയിൽ ലോകം മുഴുവനുമുള്ള സമൂഹത്തിലെ ആയിരക്കണക്കിന് പ്രതിനിധികൾ ഒത്തുചേർന്നിരുന്നു. അത് അഹ്മദിയ്യാ ജമാഅത്തിന്റെ ശ്ലാഘനീയമായ ഐക്യത്തെ പ്രകടിപ്പിക്കുന്നു. ജൽസയിൽ ഒരു ആത്മീയാന്തരീക്ഷം അനുഭവപ്പെടുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സംസാരിക്കുമ്പോൾ ശ്രോതാക്കളുടെ പരിപൂർണ നിശ്ശബ്ദതയും ശ്രദ്ധയും അത്ഭുതപ്പെടുത്തുന്നതാണ്. അത് വളരെ ഗഹനമായ ആത്മീയാന്തരീക്ഷമുണ്ടാക്കുന്നു. കുട്ടികളടക്കം ആയിരക്കണക്കിന് വളണ്ടിയർമാരുടെ അധ്വാനപൂർണമായ പ്രയത്നവും വളരെ പ്രഭാവമുണ്ടാക്കുന്നതാണ്. ജൽസയിലെ ഏറെ സ്മരണീയമായ നിമിഷങ്ങൾ ആഗോള ബയ്അത്തിന്റേതാണ്. അതിൽ കാലത്തിന്റെ ഖലീഫയുടെ കൈയിൽ ബയ്അത്ത് ചെയ്യുന്നു. ഈ പരിശുദ്ധവും പ്രൗഢവുമായ പ്രോഗ്രാം നാൽപതിനായിരം ആളുകളെ ഒരുമിപ്പിക്കുന്നു. അത് അവരുടെ സംഘടിത വിശ്വാസത്തിനും പ്രതിബദ്ധതയ്ക്കുമുള്ള പ്രബലമായ തെളിവാകുന്നു. അദ്ദേഹം പറയുന്നു: പ്രത്യേകിച്ചും പാക്കിസ്താനിൽ ജമാഅത്തിനുമേലുള്ള ആക്രമണത്തേയും പ്രയാസങ്ങളേയുംപറ്റി എന്റെ അറിവിൽ വർധനയുണ്ടായിരുന്നു. ഇത്രയും പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമുണ്ടായിട്ടും ഒരുവെറുപ്പും പ്രകടിപ്പിക്കാത്ത സമീപനം എന്നെ ഏറെ ആകർഷിച്ചു. അത് നിങ്ങളുടെ വിശ്വാസത്തിന്റെ ശരിയായ സാക്ഷ്യം നൽകുന്നതാണ്.

**• ഹദീഥുന്നബ്‌വി(സ) •**

"എല്ലാ രണ്ടു ബാങ്കിനും മധ്യേ(ബാങ്കും ഇഖാമത്തും) ഇഷ്ടമുള്ളവനു ഒരു നമസ്കാരമുണ്ട്.(സുന്നത്ത്). അവിടന്ന് മൂന്നു പ്രാവശ്യം ഇതു പറഞ്ഞു." (ബുഖാരി. 10:14)

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്‌വി(സ) •**

"ജമാഅത്തായ നമസ്കാരം ഒറ്റയായി നിർവഹിക്കുന്ന നമസ്കാരത്തെക്കാൾ 27 മടങ്ങ് സ്ഥാന മാഹാത്മ്യമേറിയതാണ്." (ബുഖാരി. 10:30)

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

റോഡ്രിഗസ് ഐലൻഡിൽനിന്നുള്ള വിമൺ അഫയേർസ്& ഫാമിലി വെൽഫെയർ കമ്മീഷണർ ആഗാഥേ മേരി സാഹിബ റോഡ്രിഗസ് ഐലൻഡ് പറയുന്നു: നൂറിലധികം രാജ്യങ്ങളിലേയും വിവിധ സമൂഹങ്ങളിലേയും ആളുകൾ പങ്കെടുക്കുന്ന ഇത്രയും വലിയ ജൽസയിൽ ആദ്യമായാണ് ഞാൻ പങ്കെടുക്കുന്നത്. ഏറെക്കുറേ 40,000 ആളുകൾ പങ്കെടുത്ത ജൽസ എന്നെ സംബന്ധിച്ചിടത്തോളം റോഡ്രിഗസ് ദ്വീപിലെ മുഴുവൻ ആളുകളും പങ്കെടുത്തതുപോലെയാണ്. ജൽസയിൽ പങ്കെടുത്തവർ അച്ചടക്കത്തോടെ ഇരിക്കുന്നത് എന്റെ ഹൃദയത്തെ അലിയിച്ചുകളഞ്ഞു. എല്ലാവരും പുഞ്ചിരിക്കുകയും സലാം പറയുകയും ചെയ്യുന്നത് ശ്ലാഘനീയമാണ്. ഖലീഫയുടെ ലജ്നകളോടുള്ള പ്രഭാഷണവും ഏറെ അർഥവത്തായിരുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ സ്ത്രീകളുടെ പങ്കിന് എത്രത്തോളം പ്രാധാന്യമുണ്ടെന്ന് എനിക്ക് ബോധ്യമായി. ഈ പ്രഭാഷണം എന്റെ പോളിസിയിലും ഗുണപരമായ മാറ്റങ്ങളുണ്ടാക്കുന്നതാണ്. ഞാൻ നേരത്തേയും നിരവധി മതപരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. എങ്കിലും എന്റെ ജീവിതത്തിൽ ആത്മീയമായി ന്യൂനതകളുണ്ടെന്ന് ഞാൻ എന്റെ ഹൃദയാന്തരാളങ്ങളിൽ അറിയുന്നുണ്ടായിരുന്നു. എന്നാൽ, ജൽസ എന്റെ ജീവിതത്തിലെ കുറവുകളകറ്റാൻ പോന്നതായിരുന്നു.

ആത്മീയ ന്യൂനതകളെപറ്റിയും ഇവിടെ നല്ല അന്തരീക്ഷം ലഭിച്ചുവെന്നും പലരും പറയുകയുണ്ടായി.

ഐക്യരാഷ്ട്ര സഭയിലെ(ജനീവ)ടൻസാനിയയുടെ പ്രതിനിധിയായ ടിമോ ആൻഡർസൺ ഹോഇസ് സാഹിബ പറയുന്നു: ഞാൻ ഇവിടെ സ്നേഹവും പുഞ്ചിരിയുമാണ് കണ്ടത്. ഈ ദിവസങ്ങളിൽ എവിടേയും വെറുപ്പ് കാണുന്നുണ്ടായിരുന്നില്ല. സ്ത്രീകളുടെ സമ്മേളനം വളരെയേറെ വിജ്ഞേയവും ആകർഷണീയവുമായിരുന്നു. ജൽസയിൽ കണ്ട എക്സിബിഷനും വളരെ മനോഹരമായിരുന്നു. അവയിൽ ജമാഅത്തിന്റെ സ്ഥാപകരേയും മഹാത്മാക്കളേയും നല്ലരീതിയിൽ പരിചയപ്പെടുത്തുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്ത് നിരവധി ആളുകളുടെ ജീവിതങ്ങളെ നല്ലനിലയിൽ മാറ്റിമറിക്കുകയുണ്ടായി. അതിൽ എന്റെ പ്രിയരാജ്യമായ ടൻസാനിയയും ഉൾപ്പെടും. ഈ ജൽസ, സ്നേഹത്തോടെ ജീവിക്കാനും വെറുപ്പില്ലാതെ വിലമതിക്കാനുമുള്ള അവസരമാണ് ഒരുക്കിയിരിക്കുന്നത്.

സിയറ ലിയോണിൽ നിന്നുള്ള അതിഥി ജസ്റ്റിസ് ആയിവൺ സീസെ പറയുന്നു: ജൽസാസാലാനയുടെ മൂന്നുദിവസവും സമാധാനത്തിന്റേയും ആത്മീയപുരോഗതിയുടേയും ആഗോള ഐക്യത്തിന്റേയും ദിവസങ്ങളായിരുന്നു. ജൽസയുടെ സംവിധാനം വളരെ ഉന്നതമായിരുന്നു. വർണവർഗ വ്യത്യാസങ്ങളൊന്നുമില്ലായിരുന്നു. എല്ലാവരും പരസ്പരം തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുന്നുണ്ടായിരുന്നു. എല്ലാവരും തങ്ങളുടെ നിശ്ചിത ജോലി നല്ലപോലെ നിർവഹിക്കുന്നുണ്ടായിരുന്നു. അത് കുട്ടികളാണെങ്കിൽപോലും അങ്ങനെയായിരുന്നു. അത് എന്നെ ഏറെ അത്ഭുതപ്പെടുത്തുകയുണ്ടായി. കൈകാര്യകർത്താക്കളായ പ്രഭാഷകർ ഉൾപ്പെടെയുള്ള പണ്ഡിതന്മാർ വളരെ ഉൾക്കാഴ്ചയുള്ള, ആകർഷകമായ സന്ദേശങ്ങളാണ് നൽകിയത്. അത് ഹൃദയങ്ങളെ സ്വാധീനിക്കുന്നതായിരുന്നു. പ്രത്യേകിച്ചും ശാന്തിയേയും ഐക്യത്തേയും പരസ്പരധാരണയേയും സംബന്ധിച്ച പാഠങ്ങൾ എന്നെ ഏറെ ആകർഷിച്ചു. നിരവധി പരിപാടികളും, പ്രദർശനങ്ങളും ജൽസയെ ആകർഷകമാക്കി. വിദ്യാഭ്യാസ എക്സിബിഷൻ നല്ലതായിരുന്നു. അവ ചരിത്രപരവും സാംസ്കാരികവുമായ ഉള്ളറിവുകൾ നൽകുന്നതായിരുന്നു. പല പശ്ചാത്തലമുള്ള ആളുകളേയും കാണാനും സംസാരിക്കാനും എനിക്ക് അവസരം ലഭിച്ചു. അതിലൂടെ ഐക്യത്തിനും സാഹോദര്യത്തിനുമുള്ള പ്രോത്സാഹനം കിട്ടിയത് എനിക്ക് വളരെ പ്രാധാന്യമുള്ളതായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതും താക്കോൽ സ്ഥാനമുള്ളതുമായ പ്രഭാഷണം അഹ്മദിയ്യാ ജമാഅത്തിന്റെ മനുഷ്യത്വത്തോടുള്ള സഹാനുഭൂതിക്കും സേവനത്തിനുമുള്ള പ്രാധാന്യത്തെ പറ്റി വെളിച്ചം വീശിയതാണ്. സോഷ്യൽ മീഡിയയുടേയും ഇലക്ട്രോണിക് നെറ്റ്‌വർക്കുകളുടേയും ഇടയിൽ തങ്ങളുടെ മക്കളെ മാതാപിതാക്കൾ ശ്രദ്ധിച്ചില്ലെങ്കിൽ കുട്ടികളിലുണ്ടാകുന്ന തെറ്റായ പ്രഭാവങ്ങളേയും പറ്റി ഊന്നിപ്പറഞ്ഞത് ഞങ്ങളുടെ മാതാപിതാക്കൾക്കും വഴിവിളക്കും ഏറെ പ്രഭാവമുണ്ടാക്കുന്നതുമാണ്. ജൽസാ സാലാനയിലെ സംവിധാനങ്ങളും പ്രഭാഷണങ്ങളും ജമാഅത്തിന്റെ സേവനങ്ങളും എന്റെ പ്രതീക്ഷകളേക്കാളും എത്രയോ മികച്ചതായിരുന്നു.

ഖസാക്കിസ്താനിൽനിന്നുവന്ന അതിഥി ഗുൽസാഇറാൻ മേംഗാലി സാഹിബ പറയുന്നു: ഞാൻ ആദ്യമായാണ് ഇത്രയും വലിയ ജൽസയിൽ പങ്കെടുക്കുന്നത്. ഒരു മുൻ രാഷ്ട്രീയക്കാരി എന്ന നിലയിൽ ഇത്രയും വലിയ സംവിധാനത്തിന് എത്രത്തോളം ചെലവ് വരുമെന്നും അതിന്റെ ഉന്നത നിലവാരത്തിലുള്ള സംഘാടനത്തിനും പ്ലാനിംഗിനും എത്ര ആളുകളുടെ അധ്വാനം വേണമെന്നും എനിക്ക റിയാം. എല്ലാ വാളണ്ടിയർമാരും എല്ലാ വിഭാഗത്തിലും വളരെ ആവേശത്തോടെയും സന്തോഷത്തോടെയും പ്രവർത്തിക്കുന്നുവെന്നത് എന്നെ വല്ലാതെ ആകർഷിച്ചു. ഓരോ വളണ്ടിയറും കഠിനമായി പ്രവർത്തിക്കുന്നതോടൊപ്പം അതിഥികളോടു സ്നേഹാദരവോടെയാണ് പെരുമാറിയിരുന്നത്. പക്ഷേ, എന്നെ ഏറ്റവുമധികം ആകർഷിച്ചത് ഖലീഫയുടെ പ്രഭാഷണങ്ങളാണ്. അതിൽ പ്രത്യക്ഷത്തിൽ ദൈനംദിന ജീവിതത്തിൽ പ്രയോജനകരമായ ധാർമിക പാഠങ്ങളാണുള്ളതെങ്കിലും അതിനുപിന്നിൽ വളരെ ഗഹനമായ വിഷയങ്ങളുണ്ടായിരുന്നു. അദ്ദേഹം സോഷ്യൽ മീഡിയയുടെ ദുഷ്പ്രവണതകളിൽനിന്ന് മക്കളെ രക്ഷിക്കാൻ പറഞ്ഞ വ്യക്തമായ നിർദ്ദേശങ്ങളാണ് എനിക്ക് ഏറെ ഇഷ്ടപ്പെട്ടത്. ഇക്കാര്യത്തിൽനിന്ന് ഞാൻ വളരെയധികം പഠിച്ചു. ഇനി ഞാൻ അത് എന്റെ ജീവിതത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. ഞാനെന്റെ പൗത്രന്മാരോടും പൗത്രിമാരോടും സംസാരിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ വിജയം കരസ്ഥമാക്കാനുള്ള പരിശ്രമത്തിൽ നമ്മുടെ ധാർമികതകൾ ഒരിക്കലും മറക്കാതിരിക്കണമെന്ന് അവർക്ക് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുന്നതാണ്.

ഇവിടത്തോടു അവർ എത്രമാത്രം ആകർഷിതയായിരുന്നുവെന്നാൽ അവർ പറയുന്നു: ഇപ്രാവശ്യം ഞാൻ അതിഥി എന്ന നിലയിലാണ് വന്നത്. എന്നാൽ, ഏറ്റവുമടുത്തുതന്നെ ഞാൻ ഈ ജമാഅത്തിൽ ചേരുമെന്ന് എനിക്ക് പൂർണമായ വിശ്വാസമുണ്ട്. കാരണം ഞാൻ ഈ ജൽസയിൽ എന്തെല്ലാം കാര്യങ്ങളാണോ കേട്ടത് അതെല്ലാം എനിക്കിഷ്ടപ്പെട്ടു.

ബെലീസ് എന്ന രാജ്യത്തുനിന്നുവന്ന അതിഥി കാശ് സാൻകോഫാ സാഹിബ് പറയുന്നു: അഹ്മദിയ്യത്ത് യഥാർഥ മുസ്‌ലിമാണെന്നത് ആർക്കെങ്ങനെയാണ് നിഷേധിക്കാൻ കഴിയുക? എന്റെ എല്ലാ സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമുള്ള മറുപടി കിട്ടുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്ത് എത്രമാത്രം ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയെ സ്നേഹിക്കുന്നുണ്ടെന്ന് എനിക്ക് കാണാൻ കഴിയുന്നു. അഹ്മദിയ്യത്ത് വളരെ ശക്തമായ വൃക്ഷമാകുന്നു. അതിന് നിരവധി ഫലദായകമായ ശാഖകളുമുണ്ട്.

സ്പെയിനിൽനിന്നുള്ള അതിഥി അമാലിയ യൂണിവേഴ്സിറ്റി ഓഫ് ഖുർത്വബയിൽ നിന്നാണ് വന്നിട്ടുള്ളത്. അവരെഴുതുന്നു: സൈക്കോളജി പ്രൊഫസർ എന്ന നിലയ്ക്ക് ഞാൻ നിങ്ങളുടെ അനുഭവങ്ങൾ മനസ്സിലാക്കാൻ നല്ലപോലെ താൽപര്യപ്പെടുന്നു. ഞാൻ സന്ദർഭം മുതലെടുത്ത് ഈ നിമിഷങ്ങളെല്ലാം കാണുകയും അവയെ മസ്തിഷ്കത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നതാണ്. അതെല്ലാം എന്റെ സ്മരണയുടെ ഭാഗമായിരിക്കുന്നു. അതെല്ലാം ഞാൻ സ്നേഹപൂർവ്വം ഓർക്കുന്നതാണ്. എനിക്ക് ഈ ജൽസയുടെ വൈവിധ്യവും വൈപുല്യവും ഓരോ കോണിൽ നിന്നും ശാന്തിയും സമത്വവും അനുഭവപ്പെടുന്നു. അതാണ് എന്നെ ഏറെ ആകർഷിച്ചത്.

കൊസോവോ യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് പ്രൊഫസർ ആർബഗ് സക്കറാജ് പറയുന്നു: ആദ്യമായിട്ടാണ് യു.കെ ജൽസയിൽ പങ്കെടുക്കുന്നത്. ഖലീഫയുടെ പ്രഭാഷണത്തിനുശേഷം അന്തരീക്ഷം മുഴുവൻ നന്നായതുപോലെയാണ് തോന്നിയത്. വളണ്ടിയർമാർക്കും അതിഥികൾക്കുമിടയിൽ പരസ്പരം സ്നേഹ വികാരങ്ങളാണ് കാണപ്പെട്ടത്. പുഞ്ചിരിക്കുന്ന മുഖങ്ങളും, അസ്സലാമു അലയ്ക്കും എന്ന ശബ്ദവും എല്ലാ ഭാഗത്തും കേൾക്കാമായിരുന്നു. ഇത്തരം അന്തരീക്ഷത്തെ സ്വർഗ്ഗവുമായി ഉപമിക്കാവുന്നതാണ്. ഇത്രയും വലിയ ജനസഞ്ചയത്തിൽ ഇങ്ങനെയൊരു അന്തരീക്ഷം ഉണ്ടാക്കാമെങ്കിൽ ലോകം മുഴുവനും അത് ഉണ്ടാക്കാവുന്നതാണ്. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന് മാത്രമേ അതിന് കഴിയുകയുള്ളൂ. ഏതെങ്കിലും വാളണ്ടിയർ എന്തെങ്കിലും പറ്റില്ല എന്ന് പറഞ്ഞാൽപോലും അതിഥികളുടെ സൗകര്യാർഥം അതിനുള്ള പ്രതിവിധിയും ഉടൻതന്നെ നിർദ്ദേശിക്കുന്നത് എന്നെ ഏറെ ആകർഷിക്കുകയുണ്ടായി. പറയുന്നു. ബയ്അത്ത് പ്രോഗ്രാം കണ്ടപ്പോൾ ഞാൻ കൂടുതൽ ആശ്ചര്യപ്പെട്ടു. വിവിധ സമൂഹങ്ങൾ ഒരു കൈയിൽ ഒരുമിച്ചുകൂടുന്നു. അഥവാ ഒരേ ചരടിൽ കോർത്ത മുത്തുകളാകുന്നു.

ഉറുഗ്വേയിൽനിന്നു വന്ന അനഹ്മദി വനിതാ പത്രപ്രവർത്തക പറയുന്നു. ജൽസയിൽ പങ്കെടുക്കുന്നതിന് മുമ്പേ എനിക്ക് പല ആശങ്കകളും മുൻവിധികളുമുണ്ടായിരുന്നു. ഉറുഗ്വേയിൽ എന്റെ പ്രൊജക്റ്റിനുവേണ്ടി

ഇസ്‌ലാമിനെ അടുത്തറിയാൻ പ്രത്യേകിച്ചും നിങ്ങളുടെ സമുദായം ചെയ്യുന്ന കാര്യങ്ങൾ മനസ്സിലാക്കണമായിരുന്നു. ആദ്യദിവസം ഖലീഫ അതിഥി സൽക്കാരത്തെപ്പറ്റി പറഞ്ഞ കാര്യങ്ങൾ പ്രത്യേകിച്ചും ആകർഷണീയമായിരുന്നു. ഒരു അതിഥി എന്ന നിലയ്ക്ക് ഞങ്ങൾ അതിഥികളെ ഞെങ്കിലും അന്താരാഷ്ട്രീയ സന്ദേശം പ്രതീക്ഷിച്ചതാണ്. പക്ഷേ, ഈ സന്ദേശം സ്വന്തം സമുദായത്തെ സംബോധന ചെയ്തുകൊണ്ടാണ് നൽകിയത്. ഞാൻ ദൈവത്തിന്റെ മഹത്വത്തിന്റേയും തുടർച്ചയായ സ്തുതികളുടേയും അന്തരീക്ഷത്തിൽ സ്വസ്ഥതയാണ് അനുഭവിച്ചത്. ഞാൻ അഹ്‌മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റിക്കുള്ളിൽ വിവിധ സംസ്കാരങ്ങളെപറ്റി പലതും പഠിക്കുകയുണ്ടായി. അതുമുഖേന എന്റെ പല മുൻവിധികളും ഇല്ലാതായി. എനിക്ക് സ്ത്രീകളുടെ ഭാഗത്ത് ഒന്നും റിക്കോർഡ് ചെയ്യാൻ അനുമതി ഉണ്ടായിരുന്നില്ല. അതിൽ ആപത്തുകളൊന്നും ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചിത്രങ്ങൾ എടുക്കുകയാണെങ്കിൽ അതിന് അനുമതി നൽകാതിരുന്നത് നന്നായി. അതല്ലാതെയുള്ളത് റിക്കോർഡ് ചെയ്യാമായിരുന്നു.' റിക്കോർഡിംഗ് പിന്നീട് ലഭിക്കുന്നതാണ്. ഏതായാലും അവിടെനിന്ന് വന്നിട്ടുള്ള മുറബ്ബി അവർക്ക് പറഞ്ഞു മനസ്സിലാക്കുന്നതായിരിക്കും. അവർ പറയുന്നു: 'അനുമതി തന്നാൽ പ്രശ്നമൊന്നുമില്ലായിരുന്നു. ഞങ്ങൾക്ക് രാജ്യത്ത് പ്രചരിപ്പിക്കാൻ നല്ല മാറ്ററുകൾ ആകുമായിരുന്നു. ജൽസസാലാനയിൽ പങ്കെടുത്തതുകൊണ്ട് എന്റെ ആത്മീയജീവിതത്തിൽ പ്രത്യേകസ്വാധീനം പതിഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും സ്മരണീയമായ നിമിഷം ദുആ ചെയ്യുന്ന നേരത്ത് പുരുഷന്മാർ കരയുന്നതായിരുന്നു. എനിക്കു തോന്നുന്നത് പത്രപ്രവർത്തകർ പങ്കെടുക്കുന്നതിനുള്ള ഏർപാടിനെ ഇപ്രകാരം നല്ലതാക്കാവുന്നതാണ്. ഇതുമുഖേന സുപ്രധാന സംഭവങ്ങൾക്ക് നല്ല കവറേജ് നല്കാനാകും. എന്റെ അഭിപ്രായം കമ്മ്യൂണിറ്റിയുടെ പ്രവർത്തനങ്ങളുടേയും ജോലികളുടേയും മാർഗങ്ങൾ ലോകത്തിന്റെ മുമ്പിൽ കൂടുതൽ പ്രചരിപ്പിക്കുക എന്നതാണ്.'

കൊസോവോ യൂണിവേഴ്സിറ്റി പരിശ്റ്റാനയുടെ പ്രൊഫസർ തന്റെ അനുഭവങ്ങൾ വിവരിക്കുന്നു: 'ആദ്യമായാണ് ഞാൻ ജൽസയിൽ പങ്കെടുക്കുന്നത്. എല്ലാ സ്ഥലത്തും എനിക്ക് സ്നേഹമാണ് കാണാൻ കഴിഞ്ഞത്. എന്റെ വീക്ഷണത്തിൽ ഈ ജൽസ വൻ വിജയമായിരുന്നു. പ്രത്യേകിച്ചും എക്സിബിഷനുകൾ. ഞങ്ങൾ കൊസോവോയിൽനിന്നുള്ളവരാണ്. ലോകത്തുമുഴുവൻ ജമാഅത്ത് നേരിടുന്ന എതിർപ്പുകൾ കേട്ടപ്പോൾ വളരെ വിഷമം തോന്നി. ഖലീഫയുടെ പ്രസംഗം, അഹ്‌മദിയ്യാ ജമാഅത്തിന്റെ യഥാർഥ പാഠമെന്താണെന്ന കാര്യത്തിലേക്ക് ശ്രദ്ധക്ഷണിക്കുകയുണ്ടായി. എന്റെ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയിരിക്കുന്നു. ഞാൻ കൊസോവോയിൽ പോയി അഹ്‌മദിയ്യാ വിശ്വാസങ്ങൾക്ക് വിരുദ്ധമായി സംസാരിക്കുന്നവർക്ക് മറുപടി നൽകുന്നതാണ്.

ഹോളണ്ടിൽനിന്നുള്ള അതിഥി മിസ്റ്റർ ചർക്വാൻ പറയുന്നു. അഹ്‌മദിയ്യാ ജമാഅത്തിന്റെ അതിഥി സൽക്കാരത്തിലും വളണ്ടിയർമാരുടെ സേവനത്തിലും ഞാൻ ഏറെ ആകൃഷ്ടനാണ്. എല്ലാവരോടും സ്നേഹാദരവിന്റേയും സമാധാനത്തിന്റേയും അന്തരീക്ഷമായിരുന്നു. അഹ്‌മദിയ്യാ ഇമാമുമായുള്ള എന്റെ കൂടിക്കാഴ്ച വളരെ നല്ല അനുഭവമായിരുന്നു. അദ്ദേഹം കൂടിക്കാഴ്ച നടത്തുക മാത്രമല്ല, അഹ്‌മദികളും അനഹ്‌മദികളും തമ്മിലുള്ള വ്യത്യാസത്തെ പറ്റിയുള്ള ഞങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ സമയം കണ്ടെത്തുകയും ചെയ്തു. അതെനിക്ക് നല്ലപോലെ പ്രയോജനപ്പെട്ടു. ഇതെല്ലാം എന്റെ മനസ്സിൽ ആഴ്ന്നിറങ്ങിയിരിക്കുന്നു. ഒരു അസ്വസ്ഥതയുമില്ലാതെ അദ്ദേഹം ഞങ്ങളുടെ കാര്യങ്ങളെല്ലാം സമാധാനപൂർവ്വം ശ്രവിക്കുകയും ഞങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

ചില അഭിപ്രായങ്ങളാണ് ഞാൻ വിവരിച്ചത്. ജൽസ മുഖേനയുള്ള ബയ്അത്തുകളുടെ റിപ്പോർട്ട് ഇപ്രകാരമാണ്. ജൽസക്കുശേഷം ഗിനി-ബിസോയിലുള്ള ഒരു ഗ്രാമപ്രമുഖൻ 85 ആളുകളോടൊപ്പം ബയ്അത്ത് ചെയ്തു. ടൻസാനിയയിലെ ഒരു ഗ്രാമത്തിലുള്ള മസ്ജിദ് ഇമാം ബയ്അത്ത് ചെയ്തു. നൈജറിൽ നിന്ന് ഒരു മദ്രസാ അധ്യാപിക ബയ്അത്ത് ചെയ്തു. കോംഗോ ബ്രാസവിലിൽ ജൽസക്കിടയിൽ 12 ആളുകൾ ബയ്അത്ത് ചെയ്തു. ഗിനി-ബിസോയിലുള്ള മുബല്ലിഗ് എഴുതുന്നു: ഗിനി-ബിസോയിലുള്ള സാരെകൂച്ച എന്ന സ്ഥലത്തെ ഗ്രാമപ്രമുഖൻ ജമാഅത്തിന്റെ കഠിനശത്രുവായിരുന്നു. ജൽസാസാലാന കേൾക്കാൻ അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം വന്ന് ജൽസയും എന്റെ പ്രസംഗങ്ങളും കേൾക്കുകയും ചെയ്തു. പ്രഭാഷണം കേട്ടശേഷം അദ്ദേഹം പറഞ്ഞു: നിങ്ങളുടെ ഖലീഫയും അഹ്‌മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരും നബി(സ)തിരുമേനിയുടെ സത്യസന്ധരായ പ്രേമികളാകുന്നു. അഹ്‌മദിയ്യാ ജമാഅത്ത് നബി(സ)തിരുമേനിയെ നബിയായി അംഗീകരിക്കാത്തവരും സ്വന്തമായി നബിയുള്ളവരുമാണെന്നാണ് ഞങ്ങൾക്ക് പറഞ്ഞുതന്നിരുന്നത്. എന്നാൽ, നിങ്ങളുടെ ഇമാമിന്റെ പ്രഭാഷണം കേട്ടപ്പോൾ ജമാഅത്ത് നബി(സ)തിരുമേനിയുടെ സത്യസന്ധരായ ജമാഅത്താണെന്ന് എനിക്ക് ബോധ്യമായി. അദ്ദേഹം 50 ആളുകളോടൊപ്പം അപ്പോൾത്തന്നെ അഹ്‌മദിയ്യത്ത് സ്വീകരിക്കുകയാണെന്ന് പ്രഖ്യാപിച്ചു. ശത്രുവായിരുന്ന വ്യക്തി ജൽസ കേട്ടശേഷം ജമാഅത്തിൽ പ്രവേശിച്ചു. അല്ലാഹു പാക്കിസ്താനി മുല്ലാക്കൾക്കും ബുദ്ധി നൽകിയെങ്കിൽ എത്ര നന്നായേനെ!

ടൻസാനിയായിലെ ഗ്രാമമായ അബൂജായിലെ മസ്ജിദ് ഇമാം പറയുന്നു: ഞാൻ എം.ടി.എ മുഖേന ജൽസാസാലാന ദൃശ്യങ്ങൾ കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. ഈ ദൃശ്യങ്ങൾ ഏറെ ആകർഷണീയമായിരുന്നു. ബയ്അത്തിനിടയിൽ വളരെ വൈകാരിക നിമിഷങ്ങളായിരുന്നു. ഒരു ഇമാമിനു പിന്നിൽ ഓരോരുത്തരും ബയ്അത്ത് ഉരുവിടുന്നതും ദുആ ചെയ്യുന്നതും ഏറെ ആശ്ചര്യജനകമായിരുന്നു. ഈ ദൃശ്യങ്ങൾ എന്നെ ആകെ മാറ്റിക്കളഞ്ഞു. അത് എന്നിൽ അഗാധമായ പ്രഭാവമുണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഞാൻ ജീവിതകാലം മുഴുവൻ അഹ്‌മദിയ്യാ ജമാഅത്തിന്റെ ഭാഗമായിരിക്കുന്നതാണ്. ഞാൻ ഒരു സുന്നി മസ്ജിദിലെ ഇമാമായിരുന്നു. എന്നാൽ, ഞാൻ ഹൃദയാത്മനാ അഹ്‌മദിയാകുകയാണ്. സമ്പൂർണമായും മാറിക്കഴിഞ്ഞിരിക്കുന്നു.

യു.കെ തബ്‌ലീഗ് വകുപ്പിന്റെ റിപ്പോർട്ടുപ്രകാരം ജൽസക്കിടയിൽ യു.കെയുമായി ബന്ധപ്പെട്ട 22 പേർക്ക് ബയ്അത്തിന് തൗഫീഖ് ലഭിച്ചു. അതിൽ 2 ബ്രിട്ടീഷുകാരും, 2 നൈജീരിയക്കാരും 11 പാക്കിസ്താനികളും 1 യുറുഗ്വേക്കാരനും, 5 അറബികളും 1 ബംഗാളിയും ഉൾപ്പെടുന്നു. ജൽസയിൽ ഏകദേശം ആയിരത്തിനടുത്ത് അനഹ്‌മദി അതിഥികൾ പങ്കെടുത്തു. ജൽസക്കിടയിൽ വിവിധ തബ്‌ലീഗീ സെഷൻസ് നടത്തുകയും അതിലെ ചോദ്യോത്തരവേദിയിൽ സംബന്ധിക്കുകയും ചെയ്തു. അതിൽ ആളുകൾ തങ്ങളുടെ അനുഭവങ്ങളും പങ്കുവെക്കുകയുണ്ടായി. എം.ടി.എ ആഫ്രിക്കയുടെ കീഴിൽ 14-ൽ അധികം നാഷണൽ ടിവി ചാനലുകൾ എന്റെ പ്രഭാഷണങ്ങൾ സംപ്രേഷണം ചെയ്തു. ആഗോള ബയ്അത്തുകളും തൽസമയം സംപ്രേഷണം ചെയ്തിരുന്നു. അത് മില്യൻ ക്കണക്കിനാളുകളാണ് കണ്ടത്. ആഫ്രിക്കയിൽ പുതുതായി ചേർന്ന ചാനലുകളിൽ മലാവിയിലെ നാഷണൽ ടിവി ചാനൽ, ബെനിനിൽ കനാൽ പ്ലസ് ടിവി ചാനൽ ഗാംബിയ, ഘാന, ഉഗാണ്ട, ലൈബീരിയ, സിയറാലിയോൺ സർക്കാർ ചാനലുകൾ എന്നിവ ഉൾപ്പെടുന്നു. ഏകദേശം 30 മില്യണിലധികം ആളുകൾ ഈ ചാനലുകൾ കാണുന്നവരാണ്. 14 വ്യത്യസ്ത ടിവി മാധ്യമ പ്രവർത്തകർ ജൽസയിൽ പങ്കെടുത്തു. 57 വാർത്തകൾ നൽകി. ഈ വാർത്തകൾ 55 മില്യണിലധികം ആളുകളിലേക്കെത്തുകയും ചെയ്തിട്ടുണ്ട്. സെനഗലിൽ ജൽസ കേൾക്കാൻ മിഷൻഹൗസിൽ സംവിധാനം ചെയ്തിരുന്നു. കോളേജിൽ ഖുർആൻ, ഹദീഥ്, ഫിഖഹ് എന്നിവ പഠിപ്പിക്കുന്ന ലക്ചററും ഒരു മസ്ജിദ് ഇമാമുമായ ഒരാൾ ജൽസ കഴിഞ്ഞപ്പോൾ പറഞ്ഞു: ഞാൻ ഇന്ന് എന്നെ സൗഭാഗ്യവാനായി കരുതുന്നു. ഇന്ന് എനിക്ക് ഇമാം മഹ്ദിയുടെ ഖലീഫയെ നേരിട്ട് ശ്രവിക്കാനും കാണാനും അവസരം ലഭിച്ചിരിക്കുന്നു. ഇതിനുമുമ്പേ എനിക്ക് അഹ്‌മദിയ്യത്തിനെപറ്റി പല സംശയങ്ങളുമുണ്ടായിരുന്നു. അഹ്‌മദികൾ നബി(സ) തിരുമേനിയുടെ മഹത്ത്വത്തിൽ കുറവ് വരുത്തുന്നവരാണെന്ന് പറഞ്ഞിരുന്നു. എന്നാൽ, ഇന്ന് ഖലീഫയുടെ പ്രസംഗങ്ങൾ എന്റെ എല്ലാ സംശയങ്ങളും അകറ്റിയിരിക്കുന്നു. ഇന്നത്തെ പ്രസംഗങ്ങൾ കേട്ടശേഷം ഞാൻ ഉറക്കെ പ്രഖ്യാപിക്കുന്നു. അഹ്‌മദിയ്യാ ജമാഅത്ത് നബി(സ)തിരുമേനിയുടെ അന്തസ്സിന് കോട്ടം തട്ടിക്കുന്നവരല്ല. മറിച്ച് നബി(സ)തിരുമേനിയോട് ഏറെ ആത്മാർഥതയും സ്നേഹവുമുള്ളവരും ലോകത്ത് മുഴുവനും നബി(സ) തിരുമേനിയെ അനുസരിക്കാൻ പാഠങ്ങൾ നൽകുന്നവരുമാകുന്നു.

ഓൺലൈൻ കവറേജിനെ പറ്റിയുള്ള റിപ്പോർട്ട് കഴിഞ്ഞവർഷം അതിന്റെ എണ്ണം 41 ആയിരുന്നു. ഈ വർഷം 50 വെബ്സൈറ്റുകളുണ്ടായിരുന്നു. അത് വായിക്കുന്നവരുടെ എണ്ണം 15 മില്യനാണ്. പ്രിന്റ് കവറേജ് ലേഖനങ്ങൾ 14 എണ്ണമാണ്. ഇത് വന്ന പത്രങ്ങൾ വായിക്കുന്നവരുടെ എണ്ണം 5 മില്യനാണ്. ടിവി, റേഡിയോ മുഖേന 19 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. അത് കാണുകയും കേൾക്കുകയും ചെയ്യുന്നവരുടെ എ

ണ്ണം 10 മില്യനാണ്. വിവിധ റേഡിയോ സ്റ്റേഷനുകളിൽ 10 മില്യൺ കേൾവിക്കാരുണ്ട്. റേഡിയോയിൽ 24 വാർത്തകൾ വന്നു. അത് കേൾക്കുന്നവരുടെ എണ്ണവും 10 മില്യനാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏകദേശം 46 മില്യണിലധികം ആളുകൾ ജൽസാ വാർത്തകൾ കാണുകയും കേൾക്കുകയും ചെയ്തു. അടുത്ത ഏതാനും ദിവസങ്ങളിൽ ഇനിയും കവറേജിന് സാധ്യതയുണ്ടെന്ന് പറയുന്നു. വലിയ വലിയ റേഡിയോ ചാനലുകൾ, എൽ.ബി.സി, റേഡിയോ സ്കോട്ട്ലാന്റ്, ബിബിസി, ബിബിസി സൗത്ത് ടുഡെ, ഡെയിലി എക്സ്പ്രസ്സ് മുതലായവ മുഖേനയും ജനങ്ങൾ വാർത്തകൾ കേൾക്കുകയുണ്ടായി. അതുപോലെ എക്സിബിഷനുകൾ വളരെയേറെ ആളുകൾ കണ്ടശേഷം അഭിപ്രായം പറഞ്ഞിട്ടുണ്ട്. മഖ്സനെ തസാവീർ എക്സിബിഷനുകൾ, ഹിസ്റ്ററി എക്സിബിഷനുകൾ എന്നിവയും ആളുകളെ ആകർഷിച്ചു. എല്ലാ എക്സിബിഷനുകളും തബ്ലീഗിന് നിമിത്തമായി. ജൽസാ ഒരു ഭാഗത്ത് സ്വന്തക്കാരുടെ ശിക്ഷണത്തിനും ആത്മീയതയ്ക്കും അവസരമായതുപോലെ മറുഭാഗത്ത് അന്യർക്ക് ഇസ്ലാമിക പാഠങ്ങൾ അറിയാനും ദൈവസാമീപ്യം നേടാനും നിമിത്തമായി മാറുകയുണ്ടായി. ചുരുക്കത്തിൽ അല്ലാഹുവിന്റെ മുന്നിൽ കൂടുതൽ കുനിയുന്നതോടൊപ്പം അവനോടു നന്ദി കാണിക്കാനും അല്ലാഹുവന്റെ സന്ദേശത്തെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തെ പ്രചരിപ്പിക്കാൻ നേരത്തേതിലുമധികം ശ്രമിക്കുമെന്ന പ്രതിജ്ഞയിൽ ഉറച്ചുനിൽക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നതായിരിക്കും. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ. (വിവർത്തനം: എച്ച് ശംസുദ്ദീൻ കാവശ്ശേരി)

പേജ് 1ൽ നിന്ന്

ന്നതിനുപകരം ജാറങ്ങളിൽ പോകുകയും അവരോടു തന്റെ ആവശ്യം ചോദിക്കുകയും ചെയ്താൽ അവൻ ശിർക്കിന് ഇരയാകുകയാണ് ചെയ്യുന്നത്. കാരണം അയാൾ അല്ലാഹു അസ്സമീഅ് ആകുന്നതിനോടൊപ്പം മൃതശരീരങ്ങളേയും അതിൽ പങ്കാളിയാക്കി. വാസ്തവത്തിൽ വിശുദ്ധ ഖുർആൻ അതിനെ വ്യക്തമായ നിലയിൽ ഖണ്ഡിച്ചിരിക്കുന്നു. അവൻ പറയുന്നു: ***വല്ലദീന യദ്ഊന മിൻദൂനില്ലാഹി ലാ യഖ്ലുഖൂന ശയ്അൻ വ്വഹും യുഖ്ലഖൂൻ. അംവാത്തുൻ ഗയ്റു അഹ്യാഇൻ വമാ യശ്അറൂന അയ്യാന യുബ്അഥൂൻ*** അല്ലാഹുവിനു പുറമെ അവർ ആരെ വിളിച്ച് പ്രാർഥിക്കുന്നുവോ അവർ ഒന്നിനേയും സൃഷ്ടിക്കുന്നില്ല. അവർ സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നത്. അവർ മരിച്ചവരാകുന്നു. അവർ നിർജീവങ്ങളാകുന്നു. തങ്ങളെപ്പോൾ എഴുന്നേൽപ്പിക്കപ്പെടുമെന്ന് അവർ അറിയുന്നില്ല.(16:21-22). ഈ ആയത്തിൽ തങ്ങളുടെ ആരാധ്യരും മനസ്സുകളിലെ രഹസ്യങ്ങൾ അറിയുന്നവരാണെന്ന അന്യാരാധകരുടെ ചിന്താഗതിയെ അല്ലാഹു ഖണ്ഡിച്ചിരിക്കുകയാണ്. അല്ലാഹു പറയുന്നു, നിങ്ങളുടെ ഈ വാദം തികച്ചും തെറ്റാണ്. ആരാണോ സ്രഷ്ടാവ് അവനു മാത്രമെ തന്റെ സൃഷ്ടികളുടെ ആന്തരികമായ കഴിവുകളേയും അവന്റെ ആവശ്യങ്ങളേയും കുറിച്ചറിയുവാനിടയുള്ളു. എന്നാൽ, ആരെയാണോ നിങ്ങൾ വിളിക്കുന്നത് അവരെല്ലാം സൃഷ്ടികളാണ്. അവർ നിങ്ങളുടെ അവസ്ഥകളെന്തറിയാനാണ്? പിന്നീടാണെങ്കിൽ അവർ മരിച്ചവരാണ്. ജീവിച്ചിരിക്കുന്നവരല്ല. അവരെന്ത് നിങ്ങളെ സഹായിക്കാനാണ്? അവരെപ്പോൾ ഉയിർത്തെഴുന്നേല്ക്കപ്പെടുമെന്ന് അവർക്കുതന്നെ അറിയില്ല. അതായത് അവരുടെ പര്യവസാനവും മറ്റുള്ളവരുടെ കൈയിലാണ്. അത്തരം പരിതഃസ്ഥിതിയിൽ ആരെങ്കിലും ആരുടെയെങ്കിലും ശവകുടീരത്തിൽ പോകുകയും മരിച്ചവരോടു എന്തെങ്കിലും ചെയ്തുതരാൻ പറയുകയും ചെയ്താൽ അവൻ അന്യാരാധനയുടെ ഇരയാണ്. ഇപ്രകാരംതന്നെ ബിംബങ്ങളോടും നദികളോടും സമുദ്രങ്ങളോടും സൂര്യൻ ചന്ദ്രൻ തുടങ്ങിയവയോടും തങ്ങളുടെ ആവശ്യങ്ങൾ ചോദിക്കുന്നതും അന്യാരാധനയിൽ പെടുന്നു.

ഒമ്പത്: അന്യാരാധനയുടെ 9-ാമത്തെ ഇനം അന്യാരാധനാപരമായ ആചാരത്തിന്റെ അടയാളമായി ചെയ്യുന്ന കർമങ്ങളാണ്. അതിപ്പോൾ അന്യാരാധനയുമായി സാദൃശ്യമുൾക്കൊള്ളുന്നതായിരിക്കുകയില്ല. അവയുടെ ആവശ്യമില്ലാത്ത സ്വാഭാവികമായ പ്രവർത്തനമാണ്. ഉദാഹരണത്തിന് ഒരാൾ ഏതെങ്കിലും ശവകുടീരത്തിൽപ്പോയി വിളക്കു കൊളുത്തി വരുന്നു. അയാൾ ആ ശവകുടീരത്തിൽ ദുആ ചെയ്താലും വേണ്ടില്ല ചെയ്തില്ലെങ്കിലും വേണ്ടില്ല, അല്ലെങ്കിൽ ഖബ്ർവാസിയെ ദൈവമായി മനസ്സിലാക്കുകയോ മനസ്സിലാക്കാതികിരിക്കുയോ ചെയ്താലും വേണ്ടില്ല ആ കർമവും ശിർക്കിൽപ്പെടുന്നതായിരിക്കും. കാരണം ആ കർമം ആദ്യകാലത്തെ അന്യാരാധനാപരമായ കർമങ്ങളുടെ ബാക്കിപത്രമാണ്. അവർ വിചാരിച്ചിരുന്നത് മരിച്ചവർ ഖബ്റുകളിൽ തിരിച്ചുവരുന്നുവെന്നാണ്. ആരാണ് തങ്ങളുടെ ഖബ്റുകളെ ആദരിച്ചതെന്ന് മനസ്സിലാക്കി, അവരെ സഹായിക്കുകയും അവരുടെ ജോലികൾ പൂർണമാക്കുകയും ചെയ്യുന്നുവെന്നാണ്. അതുകൊണ്ടാണ് ആളുകൾ അവരുടെ ഖബ്റുകളിൽ വിളക്കുകൊളുത്തുകയും പുഷ്പാർച്ചന നടത്തുകയും ചെയ്യുന്നത്. ആ സ്മാരകങ്ങളെ പുതിയതാക്കി വെക്കുന്നതും ശിർക്കിനെ സഹായിക്കലാണ്. അതുകൊണ്ട് ഇതും ശിർക്കിൽപ്പെട്ടതാണ്. ഇപ്രകാരം വൃക്ഷങ്ങളിൽ കയറുകൾ തുടങ്ങിയവ കെട്ടുന്നതും അല്ലെങ്കിൽ ഖബ്റുകളിൽ ഷാളുകൾ ഇടുന്നതും മന്ത്രവാദം ചെയ്യുന്നതുമെല്ലാം ഇത്തരത്തിൽപ്പെട്ടതാണ്. ഇവിടെ ആവശ്യമില്ലാതെ സ്വാഭാവികമായി അത്തരം പ്രവൃത്തി ചെയ്യാൻ പാടില്ലെന്ന് ഞാൻ പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യം അതായത് ഒരാൾ എവിടെയെങ്കിലും പോകുകയും വഴിയിൽ ഇരുട്ടാകുകയും ഏതെങ്കിലും മഖ്ബറയിൽ താമസിക്കാൻ നിർബന്ധിതനാകുകയുമാണെങ്കിൽ അവിടെ അയാൾ ഇരുട്ടിൽത്തന്നെ ഇരിക്കണമെന്ന് നിർബന്ധമൊന്നുമില്ല, അവിടെ വിളക്കുകൊളുത്തി വെളിച്ചത്തിനുള്ള ഏർപാടു ചെയ്താൽ അത് അനുവദനീയമായിരിക്കും.

പത്ത്: ശിർക്കിന്റെ 10-ാമത്തെ ഇനമെന്ന് പറയുന്നത് പ്രവർത്തിക്കുന്നില്ലെങ്കിലും മനസ്സിൽ അതിനോടു സ്നേഹവും ബഹുമാനവും ഭയവും പ്രതീക്ഷകളുടെ വികാരങ്ങളും ആളുകളെ സംബന്ധിച്ച് അല്ലാഹുവിന് സമാനമായി അല്ലെങ്കിൽ അതിനെക്കാൾ കൂടുതൽ നില വെച്ചു പുലർത്തുന്നതാണ്.

സമ്പൂർണനായ ഏകദൈവവിശ്വാസി ശിർക്കിന്റെ ഈ എല്ലാ ഇനങ്ങളിൽനിന്നും തന്നെ രക്ഷിക്കുകയും അല്ലാഹുവിന്റെ ഏകത്വത്തിൽ സത്യഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുന്നവനാണ്. സത്യമെന്താണെന്നാൽ ശിർക്ക് അഥവാ അന്യാരാധന മനുഷ്യന്റെ വീക്ഷണഗതിയെ വളരെ പരിമിതപ്പെടുത്തുന്നു എന്നതാണ്. അവന്റെ തന്റേടത്തെ വീഴ്ത്തിക്കളയുന്നു. അവന്റെ ലക്ഷ്യത്തെ നിസ്സാരമാക്കിക്കളയുന്നു. അന രാധകൻ കരുതുന്നത് നേരിട്ട് അവന് അല്ലാഹുവിനോളമെത്താൻ കഴിയുകയില്ലെന്നാണ്. അവന് ഏതെങ്കിലും മധ്യസ്ഥന്റെ ആവശ്യമുണ്ടെന്നാണ്. വാസ്തവത്തിൽ അല്ലാഹു തനിക്കും മനുഷ്യർക്കുമിടയിൽ ഒരു മാധ്യസ്ഥവും വെച്ചിട്ടില്ല. എല്ലാ മനുഷ്യർക്കും അവൻ തന്റെ സാമീപ്യത്തിന്റെ കവാടം തുറന്നുവച്ചിരിക്കുന്നു. ആർക്കുവേണമെങ്കിലും അതിലൂടെ പ്രവേശിക്കാം. ഒരു ഭൗതികനായ രാജാവിന് തന്റെ എല്ലാ പ്രജകളുമായും ബന്ധം വെക്കുകയെന്നത് അസംഭാവ്യമാണെന്നത് സംശയമില്ലാത്ത കാര്യമാണ്. എന്നാൽ, അല്ലാഹുവിന്റെ ശക്തികൾ പരിമിതമല്ല. അവന്റെ ശക്തിയിലും ദിവ്യശക്തിപ്രഭാവത്തിലും അവൻ എല്ലാവരുമായും നേരിട്ട് ബന്ധപ്പെടുകയും അവർക്ക് തന്റെയടുത്ത് സ്ഥലം നല്കുകയും ചെയ്യണമെന്ന കാര്യമാണുള്ളത്. *(തഫ്സീറെ കബീർ വാള്യം 6, പേജ് 44, പ്രസാധനം ഖാദിയാൻ 2010)*

## വാർത്തകൾ

### മാസാന്തര തർബിയ്യത്ത് യോഗം

കോഴിക്കോട്: മാത്തോട്ടം മജ്ലിസ് അൻസ്വാറുല്ലായുടെ മാസാന്തര തർബിയ്യത്ത് യോഗം സയീം അൻസ്വാറുല്ലാഹ് വി.എം. മാലിക് അമീൻ സാഹിബിന്റെ അധ്യക്ഷതയിൽ ആഗസ്റ്റ് 10-ാം തിയിതി ഞായറാഴ്ച മഗ്രിബ്നു ശേഷം ചേർന്നു. കെ. അബ്ദുസ്സലാം സാഹിബിന്റെ ഖുർആൻ പാരായണത്തോടെ കാര്യപരിപാടികളാരംഭിച്ചു. സത്യപ്രതിജ്ഞയ്ക്കു ശേഷം എം.ശഫീഖ് അഹ്മദ് സാഹിബ് ഹദീഥുകൾ കേൾപ്പിച്ചു. എം.നസീം അഹ്മദ് സാഹിബാണ് വാഗ്ദത്ത മസീഹിന്റെ ലിഖിത ശകലങ്ങൾ അവതരിപ്പിച്ചത്. കെ. ഇബ്റാഹീം സാഹിബ് പദ്യമാലപിച്ചു. മുഹത്തമിം ഉമൂമി സി.സി.മൻസ്വൂർ സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു. സയീം സാഹിബിന്റെ അധ്യക്ഷഭാഷണത്തിനുശേഷം 'ഖിലാഫത്ത് സമാധാനത്തിന്റെ കോട്ട' എന്ന വിഷയത്തെ അധികരിച്ച് എം. ജലീൽ അഹ്മദ് സാഹിബ് പ്രസംഗിച്ചു. ദുആയോടുകൂടി യോഗം സമാപിച്ചു.

*(സെക്രട്ടറി ഇശാഅത്ത്)*

• ഹദീഥുന്നബവി(സ) •

"പ്രാർഥനയ്ക്കുള്ള ഇഖാമത്ത് വിളിച്ചു കഴിഞ്ഞാൽ നിർബന്ധമായതൊഴിച്ച് മറ്റു നമസ്കാരമില്ല." (മിശ്ക്കാത്ത് 4:23)

TIMBELLA
BEAUTY FROM TIMBER
—NILAMBUR—

SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES

ത്വാലിബെ ദുആ

BEAUTY FROM TIMBER NILAMBUR

• ഹദീഥുന്നബവി(സ) •

"അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് ആര് ഒരു മസ്ജിദ് നിർമിക്കുന്നുവോ അല്ലാഹു അവനുവേണ്ടി അതിന്റെ ഛായയിൽ സ്വർഗത്തിൽ പണിയുന്നതാണ്."(ബുഖാരി. 8:65)

tectona
feel more confidence



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസിന്റെ ജർമൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

**കഴിഞ്ഞലക്കം പേജ് 10 കോളം മൂന്നിൽ നിന്നു തുടർച്ച:**

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഈ വശത്തൂടെ നമ്മുടെ സ്ത്രീകൾ തങ്ങളെ വിലയിരുത്തേണ്ടതാവശ്യമാണ്. സ്വന്തം പരിഷ്കരണത്തിലേക്ക് ശ്രദ്ധ ഊന്നേണ്ടത് വളരെ അനിവാര്യമാണ്. വീട്ടിലെ പുരുഷൻ നന്നായാൽ, അവന് ദീനുമായി ബന്ധമുണ്ടായാൽ ഈ സവിശേഷതകൾ സ്വാംശീകരിച്ചാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ച കാര്യങ്ങളിൽ ശ്രദ്ധ ഊന്നിയാൽ സ്ത്രീകളുടേയും കുട്ടികളുടേയും പരിഷ്കരണം ഉണ്ടാകുമെന്ന കാര്യം ശരിയാണ്. എങ്കിലും പുരുഷന്മാരിൽ ദൗർബല്യങ്ങളുണ്ടെങ്കിൽ നമുക്കുനമ്മെ നശിപ്പിക്കാൻ കഴിയില്ല, നമ്മുടെ തലമുറകളെ നശിപ്പിക്കാൻ കഴിയില്ല. സ്ത്രീകൾ സ്വയം ഈ രംഗത്ത് വരേണ്ടതുണ്ട്. സ്വന്തം വീടുകളെ സംരക്ഷിക്കേണ്ടതുണ്ട്. നബി(സ)തിരുമേനിയും പറയുന്നു: സ്ത്രീ വീടിന്റെ കാവലാളാണ്. കുട്ടികളുടെ ശിക്ഷണ ഉത്തരവാദിത്വം സ്ത്രീകളുടെ മേലാണ്. അവൾ ചോദിക്കപ്പെടും. ഉന്നതനായ അല്ലാഹു പിതാവിനേക്കാൾ മൂന്നിരട്ടി അവകാശം മാതാവിന് വെറുതേ നല്കിയതല്ല. ഇതിനു കാരണമുണ്ട്. മാതാവിന് പിതാവിനേക്കാൾ കൂടുതൽ ഈ അവകാശം മൂന്നിരട്ടി എന്തുകൊണ്ട് നല്കപ്പെട്ടു? സ്ത്രീകളുടെ കാലിനുകീഴിൽ സ്വർഗം ലഭിക്കുമെന്നുള്ള ജാമ്യം കേവലം മാതാവായതുകൊണ്ടല്ല നല്കപ്പെട്ടത്. പ്രത്യുത, ഇക്കാര്യങ്ങൾക്കെല്ലാം ചില അനിവാര്യതകളുണ്ട്. ചില സവിശേഷതകളുണ്ട്. മാതാവിൽ അർപിതമായ ചില ഉത്തരവാദിത്വങ്ങളുണ്ട്. ഇവ നിർവഹിച്ചതിനുശേഷം മാത്രമേ, ഈ സ്ഥാനങ്ങളെല്ലാം ലഭിക്കുകയുള്ളൂ.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: പ്രായപൂർത്തിയിലെത്തുന്ന, ബുദ്ധിപരമായി പക്വത പ്രാപിക്കുന്ന യുവതികളായ പെൺകുട്ടികൾ ഇൻശാ അല്ലാഹ് മാതാക്കളും ആകേണ്ടവരാണ്. തങ്ങളുടെ സ്ഥാനമെന്താണെന്ന് അവരിപ്പോൾ മുതലേ ആലോചിക്കേണ്ടതാണ്. ഏതെല്ലാം തരത്തിലുള്ള ഉത്തരവാദിത്വങ്ങളാണ് അർപിതമാകുന്നതെന്ന് ചിന്തിക്കുക. ഒരു ഭാഗത്ത് നന്മയുള്ളതും സൗഭാഗ്യം നിറഞ്ഞതുമായ ജീവിതത്തിനുവേണ്ടിയും നല്ല ഭർത്താക്കന്മാരെ ലഭിക്കാൻവേണ്ടിയും പ്രാർഥിക്കേണ്ടതുണ്ട്. മറുഭാഗത്ത് ഭാവിയിൽ വരാൻ പോകുന്ന സ്വന്തം ഉത്തരവാദിത്വങ്ങളെ നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറായി ഇരിക്കേണ്ടതുമാണ്. വിവാഹം കഴിഞ്ഞ സ്ത്രീകളാണെങ്കിലും മക്കളുള്ള മാതാക്കളാണെങ്കിലും പെൺകുട്ടികളാണെങ്കിലും ശരി അവരെല്ലാം സ്വന്തം ഉത്തരവാദിത്വം മനസ്സിലാക്കാതിരുന്നാൽ ഒരു ഭാഗത്ത് സ്വാതന്ത്ര്യത്തിന്റെ പേരിൽ ലജ്ജയില്ലായ്മ നടമാടുന്ന അന്തരീക്ഷത്തിൽ ജീവിച്ചുകൊണ്ട് മതകാര്യങ്ങൾ മനസ്സിലാക്കാത്ത കാരണത്താൽ ദൈവത്തിൽനിന്ന് അകന്നുപോകുന്നതാണ്. മറുഭാഗത്ത് ദൈവാസ്തിക്യത്തെ കുറിച്ച് സംശയങ്ങളും വെളിപ്പെടുന്നു. അല്ലെങ്കിൽ ദൈവാസ്തിക്യത്തെ തന്നെ നിഷേധിക്കുന്നവരായി മാറുന്നു. പിന്നീട് നിങ്ങൾ മതവുമായി ബന്ധപ്പെട്ട് നിൽക്കുമെന്നതിന് ഒരുവിധ ജാമ്യവുമില്ല. ഭാവി തലമുറകൾ മതവുമായി ബന്ധപ്പെട്ട് നിൽക്കുമെന്നതിനും ഒരുവിധ ജാമ്യവും ലഭിക്കില്ല.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: പുരുഷന്മാർ കൂടുതൽ വഴികേടിലാണെന്ന് നിങ്ങൾ പറയുകയാണെങ്കിൽ അവരുടെ സംസ്കരണത്തിലേക്ക് ശ്രദ്ധ ഊന്നുക. പുരുഷന്മാരോടും ഈ രംഗത്ത് പരിശ്രമിക്കാൻ പറയുന്നുണ്ട്. എന്നിട്ടും ഏതെങ്കിലും ദൗർഭാഗ്യനായ പുരുഷന് തന്റെ സംസ്കരണത്തെ കുറിച്ച് വിചാരമുണ്ടാകുന്നില്ലെങ്കിൽ ഭൗതികതയുടെ സൗന്ദര്യങ്ങളാണ് എല്ലാമെന്ന് ധരിക്കുന്നതെങ്കിൽ തന്റെ ഭാര്യാമക്കളുടെ കടമകൾ നിർവഹിക്കുന്നില്ലെങ്കിൽ അവരുടെ കാര്യം പിന്നെ ദൈവത്തിന്റെ നടപടിക്ക് വിധേയമാണ്. ജമാഅത്തുപരമായ വ്യവസ്ഥിതിയുടെ കണ്ണുകളിൽ പൊടിയിട്ടുകൊണ്ടും വഞ്ചന കാണിച്ചുകൊണ്ടും ഒരുപക്ഷേ, അവർ രക്ഷപെടും. എന്നാൽ, അല്ലാഹുവിന്റെ പിടിത്തത്തിൽ നിന്ന് അവർക്ക് രക്ഷപെടാൻ കഴിയില്ല. അവരുടെ ഉത്തരവാദിത്വങ്ങൾ അവർ നിർവഹിക്കേണ്ടതാണ്. എന്നാൽ, ഇക്കാരണത്താൽ സ്ത്രീകൾക്ക് സ്വന്തം ഉത്തരവാദിത്വങ്ങൾ മറക്കാൻ കഴിയുകയില്ല. മുമ്പേ ഞാൻ സൂചിപ്പിച്ചതുപോലെ മൗനംപാലിച്ചിരിക്കാൻ കഴിയില്ല. പുരുഷന്മാർ സ്വന്തം ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കാതിരിക്കുമ്പോൾ തങ്ങളെന്തിന് എപ്പോഴും ചിന്താകുലരായിരിക്കണമെന്ന് നോക്കി നിശബ്ദമായി തമാശ കാണുന്നവരാകാൻ നിങ്ങൾക്ക് കഴിയില്ല.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ജമാഅത്തിലെ സ്ത്രീകളുടെ ഒരുഭാഗം ദുർബലരായിരിക്കുമ്പോൾ ഏറ്റവും ചുരുങ്ങിയത് മറ്റൊരുഭാഗം സ്വന്തം ഉത്തരവാദിത്വങ്ങളിൽ ശ്രദ്ധയൂന്നണമെന്നതിനാണ് ഹദ്റത്ത് മുസ്്ലിഹ് മൗഊദ്(റ) ലജ്നാ ശാഖാ സംഘടന സ്ഥാപിച്ചത്. സ്ത്രീകൾ ശ്രദ്ധ പുലർത്തുകയാണെങ്കിൽ ഭാവി തലമുറയിലെ സ്ത്രീ പുരുഷന്മാർ അല്ലാഹു നിശ്ചയിച്ചു തന്നിട്ടുള്ള മാർഗങ്ങളിൽ വരുന്നതായിരിക്കും.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: തബ്‌ലീഗിനേക്കാൾ ശിക്ഷണകാര്യത്തിൽ ശ്രദ്ധിക്കേണ്ടത് ഇക്കാലത്ത് വളരെ അനിവാര്യമാണെന്ന് കുറച്ചുകാലം മുമ്പേ ഞാൻ ജർമനി ലജ്നാ സ്വദ്റിനോടു പറഞ്ഞിരുന്നു. ആദ്യം തങ്ങളുടെ ശിക്ഷണത്തിൽ ശ്രദ്ധിക്കുക. തങ്ങളുടെ പ്രവർത്തനപരമായ അവസ്ഥകൾ നന്നാക്കുക. എന്നാൽ, തബ്‌ലീഗ് രംഗം സ്വയമേവ തുറക്കപ്പെടുന്നതായിരിക്കും. ഇതിൽനിന്ന് ആരും വിശിഷ്യാ പുരുഷന്മാർ തങ്ങളുടെ കർമപരമായ മാതൃകയും ശിക്ഷണവും മികച്ചതാണെന്നും സ്ത്രീകൾക്കുമാത്രമെ സംസ്കരണത്തിന്റെ ആവശ്യമുള്ളൂവെന്നും അർഥം കൽപ്പിക്കരുത്. ഞാൻ മുമ്പേയും സൂചിപ്പിച്ചതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ച കാര്യങ്ങളുടെ വെളിച്ചത്തിൽ പുരുഷന്മാരുടെ കർമപരമായ അവസ്ഥ തൃപ്തികരമാണെന്ന് കരുതിയിരിക്കരുത്. ഞാൻ നിങ്ങളെ സംബോധനചെയ്യുമ്പോൾ പുരുഷന്മാരും എന്റെ വാക്കുകൾ കേൾക്കുന്നുണ്ട്. അവരും സ്വയമേവ വിലയിരുത്തൽ നടത്തേണ്ടത് അനിവാര്യമാണ്. അതിന് വളരെയധികം ആവശ്യമുണ്ട്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഈ സമയത്ത് ഞാൻ സ്ത്രീകളെ അഭിമുഖീകരിച്ചാണ് സംസാരിക്കുന്നത്. സ്ത്രീകൾക്ക് അടുത്ത തലമുറയുടെ ശിക്ഷണം വളരെ നല്ല രൂപത്തിൽ ചെയ്യാൻ സാധിക്കും. അതുകൊണ്ട് ഞാൻ കുടുതൽ ചിന്താകുലനായി നിങ്ങളുടെമേൽ ഉത്തരവാദിത്വം ഇടുകയാണ്. പുരുഷന്മാർ ഒരുവിധ ശുഭചിന്തയിലും പെട്ടുപോകേണ്ട ആവശ്യമില്ല. നിങ്ങളും അസ്വസ്ഥരാകേണ്ടതില്ല. എല്ലാ പോരായ്മകളും സ്ത്രീകളിൽ മാത്രമാണെന്നും വിചാരിക്കേണ്ടതില്ല. ഓരോരുത്തരും അവരവരുടെ കർമങ്ങൾക്ക് മറുപടി നല്കേണ്ടവരാണ്. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകുമ്പോൾ ഓരോരുത്തരും തങ്ങളുടെ കർമങ്ങൾക്ക് മറുപടി പറയേണ്ടി വരും. അതുകൊണ്ട് ഓരോരുത്തരും സ്വന്തം വിലയിരുത്തൽ നടത്തേണ്ടത് അനിവാര്യമാണ്. പ്രസ്തുത വിലയിരുത്തലുകളുടെ ഏറ്റവും ചുരുങ്ങിയ നിലവാരത്തെ കുറിച്ചുള്ള സംക്ഷിപ്ത വിവരണം ഞാൻ ഹദ്റത്ത് മസീഹു മൗഊദിന്റെ(അ) വാക്കുകളിൽ വിവരിച്ചു കഴിഞ്ഞു.

നമ്മളിലോരോരുത്തരും ഈയൊരു കാര്യങ്ങൾ മുന്നിൽവച്ചാൽ കർമപരമായ സംസ്കരണം ഉന്നതിയിൽനിന്ന് ഉന്നതിയിൽ പൊയ്ക്കൊണ്ടിരിക്കും. ചില അടിസ്ഥാന കാര്യങ്ങൾ വീണ്ടും ഞാൻ നിങ്ങളുടെ മുന്നിൽ ആപേക്ഷികമായി തുറന്ന് വിവരിക്കുകയാണ്.

ഹുദൂറിന്റെ ഈ പ്രഭാഷണത്തിന്റെ പൂർണരൂപം ക്രമേണ പിന്നീട് പ്രത്യേകം പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഈ പ്രഭാഷണം 01.20 വരെ നീണ്ടു. അതിനുശേഷം ഹുദൂർ ദുആക്ക് നേതൃത്വം നല്കി. തുടർന്ന് ലജ്നാ- നാസ്വിറാത്ത് അംഗങ്ങൾ വിവിധ ഗ്രൂപ്പുകളായി അറബി, ഉർദു, ജർമൻ, ഇംഗ്ലീഷ്, പേർഷ്യൻ, തുർക്കി, ബംഗ്ല, ഇറ്റാലിയൻ,

**• ഹദീഥുന്നബ്‌വി(സ) •**

**"ശപിക്കപ്പെട്ട മൂന്നു കാര്യങ്ങളിൽനിന്ന് പിന്മാറുക; ഉറവുകൾക്ക് സമീപവും വഴിയിലും (മനുഷ്യൻ വിശ്രമിക്കുന്ന) തണലിലും വിസർജിക്കുന്നതിൽനിന്ന്."**
**(മിശ്ക്കാത്ത് 3:2)**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വി(സ) •**

**നബി(സ)തിരുമേനി പ്രാഥമിക ആവശ്യം കഴിഞ്ഞ് പുറത്തുവന്നാൽ പറയുമായിരുന്നു: "എന്നിൽനിന്ന് മാലിന്യത്തെ നീക്കുകയും എനിക്ക് ആരോഗ്യം നല്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും." (മിശ്ക്കാത്ത് 3:2)**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 05 September 2024 Issue-36

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

കാശ്മീരി ഭാഷകളിൽ പ്രാർഥനാ ഗീതങ്ങളും സംഘം ചേർന്ന് കവിതകളും ആലപിച്ചു.

01.45-ന് ഹുദൂർ പുരുഷന്മാരുടെ ജൽസാ ഗാഹിൽ പോയി. ള്വുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംആയി ഹുദൂറിന്റെ നേതൃത്വത്തിൽ നടന്നു. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

• പരിപാടിയനുസരിച്ച് 04.00 മണിക്ക് ഹുദൂർ പുരുഷന്മാരുടെ ജൽസാ ഗാഹിൽ വന്നു. ജർമൻ ജനതയുമായുള്ള ഒരു പരിപാടിയിൽ ഹുദൂർ പങ്കെടുത്തു. ജർമനിയിലെ വിവിധ നഗരങ്ങളിൽനിന്നും പ്രദേശങ്ങളിൽനിന്നും വന്ന അതിഥികൾ പങ്കെടുക്കുന്ന ഒരു പരിപാടി കുറച്ച് മുമ്പേ ഹാളിൽ പുരോഗമിക്കുന്നുണ്ടായിരുന്നു.

• 1249 അതിഥികളാണ് ഈ പരിപാടിയിൽ ഹാജരായത്. ജർമനിയെ കൂടാതെ 45 രാജ്യങ്ങളിൽ നിന്നുള്ള അതിഥികളും ഇതിൽ പങ്കെടുത്തിരുന്നു. ഇവർ അഫ്ഘാനിസ്ഥാൻ, പാക്കിസ്താൻ, ഇന്ത്യാ, ബംഗ്ലാദേശ്, നേപ്പാൾ, ഇന്തൊനേഷ്യ, കൊറിയ, മൊറോക്കോ, ഘാന, നൈജീരിയ, സോമാലിയ, എത്യോപ്പിയ, എറിട്രിയ, സുഡാൻ, ഇറാഖ്, ജോർദാൻ, സിറിയ, കുവൈറ്റ്, യമൻ, സഊദി അറേബ്യാ, മിസ്വ്ർ, തുർക്കി, ബെലാറസ്, ബൾഗേരിയ, മസിഡോണിയ, അൽബേനിയ, ബോസ്നിയാ, എസ്റ്റോണിയാ, ഇറ്റലി, ഹംഗറി, സ്പെയിൻ, ബെൽജിയം, ഫ്രാൻസ്, യൂ.കെ, ഹോളണ്ട്, ഓസ്ട്രിയ, നോർവെ, സ്വിറ്റ്സർലൻഡ്, ക്രൊയേഷ്യ, ലിത്വാനിയ, ചെച്നിയ, റുമാനിയ, അസർബൈജാൻ, അമേരിക്ക, കോസ്റ്ററിക്ക, ഇക്വഡോർ എന്നീ രാജ്യങ്ങളിൽനിന്ന് വന്നവരാണ്.

ഈ പരിപാടിയുടെ സമാപന സെഷൻ വിശുദ്ധ ഖുർആൻ പാരായണത്തോടും ജർമൻ തർജമയോടുംകൂടി ആരംഭിച്ചു. ശേഷം 04.25-ന് ഹുദൂറിന്റെ പ്രഭാഷണം തുടങ്ങി. ഇംഗ്ലീഷ് ഭാഷയിലാണ് ഹുദൂർ സദസ്യരെ അഭിമുഖീകരിച്ചത്.

**ജർമൻ അനഹ്മദി അതിഥികളുടെ സംഗമം;**

**ഹുദൂറിന്റെ പ്രഭാഷണം.**

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയക്കുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു: അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ്.

നിങ്ങളെല്ലാവരുടേയുംമേൽ അല്ലാഹുവിന്റെ സമാധാനം ഉണ്ടാകുമാറാകട്ടെ. സമാധാനത്തോടെയുള്ള ജീവിതം എല്ലാവർക്കും നല്കുമാറാകട്ടെ. ഹൃദയാന്തരാളങ്ങളിൽ നിന്നുള്ള നന്ദി ആദ്യമായി എല്ലാവരേയും അറിയിക്കുകയാണ്. നിങ്ങളുടെ വിലയേറിയ സമയം നല്കിക്കൊണ്ട് ഇന്ന് നിങ്ങളിവിടെ വരികയും ഞങ്ങളുടെ വാർഷിക ജൽസയുടെ ഭാഗമാവുകയും ചെയ്തു.

ദൗർഭാഗ്യമെന്ന് പറയട്ടെ, ലോകത്തിലെ ഭൂരിഭാഗം ജനതയും പൊതുവെ മതത്തോടു വിശിഷ്യാ ഇസ്‌ലാമിനെ ഭയപ്പെടുന്നവരാണ്. ഈ സാഹചര്യത്തിൽ ആത്മാർഥമായ നിലയിൽ ഒരു മതപരമായ പരിപാടിയിലുള്ള നിങ്ങളുടെ പങ്കാളിത്തം വ്യക്തമാക്കുന്നത് മതപരമായ അറിവ് കരസ്ഥമാക്കാനും ഇത് വിഷയകമായി ഗവേഷണം നടത്താനും നിങ്ങൾക്ക് താൽപര്യമുണ്ടെന്നാണ്. അതുകൊണ്ട് കൃതജ്ഞതാ വികാരങ്ങളോടൊപ്പം ഞാൻ പ്രാർഥിക്കുന്നു. മതത്തിന്റെ യാഥാർഥ്യവും അതിന്റെ ആവശ്യകതയും ഹൃദയാത്മനാ അറിയാനാഗ്രഹിക്കുന്നവരിൽ നിങ്ങളും എണ്ണപ്പെടുമാറാകട്ടെ. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ എന്ന നിലയിൽ ഇന്ന് ഞാൻ സംക്ഷിപ്തമായി ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ കുറിച്ച് പറയാം. നിശ്ചയമായും കുറഞ്ഞ സമയത്തിൽ എല്ലാ അധ്യാപനങ്ങളും പരാമർശിക്കുക സാധ്യമല്ല. അതുകൊണ്ട് അതിന്റെ ഏതാനും വശങ്ങൾ മാത്രം സമർപിക്കാനാണ് ഞാനാഗ്രഹിക്കുന്നത്.

ഇടയ്ക്കിടെ പാശ്ചാത്യലോകത്ത് ഇസ്‌ലാമിനെ സംബന്ധിച്ച് വിവിധ ആശങ്കകൾ ജന്മമെടുക്കുന്നത് നമ്മൾ കാണുന്നു. ഉള്ളിന്റെയുള്ളിൽ ഇസ്‌ലാമിന്നെതിരിൽ ശത്രുത നിലനില്ക്കുന്നു. ഇത് കാരണത്താൽ ഇസ്‌ലാമികാധ്യാപനങ്ങളെക്കുറിച്ച് ചില അന്യായമായ ആരോപണങ്ങളുണ്ടാകുന്നു. തെറ്റായ വ്യാഖ്യാനങ്ങൾ വിശുദ്ധ ഖുർആനുമായി ചേർത്ത് അവതരിപ്പിക്കുന്നു. തികച്ചും തെറ്റായ രൂപത്തിൽ അതിലെ അധ്യാപനങ്ങൾ സമർപ്പിക്കുന്നു. ഇസ്‌ലാം (അല്ലാഹുവിൽ അഭയം) തീവ്രവാദവും ക്രൂരമായ അധ്യാപനവുമല്ലാതെ മറ്റൊന്നും പഠിപ്പിക്കുന്നില്ലെന്ന് സ്ഥാപിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഇസ്‌ലാം മത സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ്[സ] (അല്ലാഹുവിൽ അഭയം) അക്രമപരവും കിരാതവുമായ നടപടികൾ സ്വീകരിച്ചിരുന്നുവെന്ന ദുർവാദവും ഉന്നയിക്കപ്പെടുന്നുണ്ട്. പുതിയ മസ്ജിദുണ്ടാക്കുമ്പോൾ ശക്തമായ ആശങ്കകൾ പ്രകടിപ്പിക്കുന്നവരുമുണ്ട്. തീവ്രവാദ അധ്യാപനങ്ങൾ ഇതുമുഖേന പാശ്ചാത്യലോകത്തെത്തുമെന്ന ഭയവും അവർക്കുണ്ട്.

ഇതിൽനിന്ന് മുസ്‌ലിം ലോകത്തിന്റെ അവസ്ഥ വളരെയധികം ഗുരുതരമാണെന്ന് അംഗീകരിക്കുന്നതിൽ എനിക്ക് ഒരു സങ്കോചവുമില്ല. ചില നാമമാത്ര മുസ്‌ലിമീങ്ങളുടെ പ്രവർത്തന രീതി കാണുമ്പോൾ പ്രസ്തുത ആശങ്കകൾ അസ്ഥാനത്തല്ലെന്നും കാണാം. അതിന്റെ ഫലമായി മതപരമായ ആരാധനകളുടേയും ഇസ്‌ലാമികാധ്യാപനങ്ങളുടേയുംമേൽ ശക്തമായ നിരോധനം വേണമെന്ന ആവശ്യം ഉയരുന്നു. ഇവർ വളരെ കോലാഹലത്തോടെ ഇസ്‌ലാമിന്റെ പ്രചാരണത്തിന്റേമേലും പുതിയ മസ്ജിദ് നിർമാണത്തിന്റെ മേലും നിരോധനം വേണമെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു. വളരെ വ്യസനത്തോടെ പറയട്ടെ, ഹദ്റത്ത് മുഹമ്മദുനബി[സ]യുടെ അഭിമാനത്തെ ഇകഴ്ത്തിക്കാണിക്കുന്നതും അനുവദനീയമല്ലാത്തതുമായ കഠിനപദങ്ങളിലൂടെ ആക്ഷേപം ഉന്നയിക്കുന്ന ചിലരുമുണ്ട്.

ക്രിസ്തുമതത്തിനുശേഷം ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ മതമാണ് ഇസ്‌ലാമെന്ന് കരുതപ്പെടുന്നതായി ഞാൻ സൂചിപ്പിക്കട്ടെ. എന്നാൽ, പാശ്ചാത്യലോകത്ത് വസിക്കുന്ന അധിക ക്രിസ്ത്യാനികളും സ്വന്തം മതമനുസരിച്ച് പ്രവർത്തിക്കുന്നില്ല. മതത്തിൽ തന്നെയും അവർക്ക് ഒട്ടും താൽപര്യമില്ല. ചർച്ചും ഇക്കാര്യം അംഗീകരിക്കുന്നുണ്ട്. വിവിധ മീഡിയാ റിപ്പോർട്ടുകളും ഇക്കാര്യത്തെ ശരിവെക്കുന്നു. ദൈവത്തിന്റെ അസ്തിത്വത്തെ പൂർണമായും നിരാകരിക്കുന്നവരാണ് തീർച്ചയായും ഇവരിൽപ്പെട്ട വലിയൊരു വിഭാഗം. ദൈവത്തിൽ വിശ്വസിക്കുന്നു എന്ന വാദം ഉന്നയിക്കുന്നവർ കുറച്ചു പേർ അവരിലുണ്ടെങ്കിലും മതം ദൈവത്തിൽനിന്നു വന്നതാണെന്ന് അംഗീകരിക്കുന്നില്ല. മതത്തിന്റെ ആവശ്യമില്ലെന്ന് ഇവർ മനസ്സിലാക്കുന്നു.

മറുഭാഗത്ത് ഭൂരിപക്ഷം മുസ്‌ലിമീങ്ങളും തങ്ങളുടെ മതവുമായി ആഴത്തിൽ ബന്ധം പുലർത്തുന്നവരുമാണ്. തങ്ങളുടെ മതത്തിന്നെതിരിലോ ഹദ്റത്ത് മുഹമ്മദുനബി[സ]ക്കെതിരിലോ ആരോപിക്കപ്പെടുന്ന കാര്യങ്ങൾ ഇവർക്ക് സഹിക്കാൻ കഴിയില്ല. ഇസ്‌ലാമിന്റെ എതിരാളികൾ മുസ്‌ലിമീങ്ങളുടെ മതപരമായ വികാരങ്ങളെ ആളിക്കത്തിക്കുമ്പോൾ അവരുടെ ഈ പ്രവർത്തി ഒരു നിഷേധാത്മക പ്രതികരണമുണ്ടാക്കുന്നു. ഇത് പിന്നീട് ലോകത്ത് അരാചകത്വവും കുഴപ്പങ്ങളും ഛിദ്രതയും സൃഷ്ടിക്കാൻ ഇടയാക്കുന്നു. മുസ്‌ലിമീങ്ങളുടെ നിഷേധാത്മക പ്രതികരണം തികച്ചും അബദ്ധവും അനുവദനീയമല്ലാത്തതും ആണെന്നതിനോടൊപ്പം മനുഷ്യപ്രകൃതിയുടേയും ബുദ്ധിയുടേയും തേട്ടമനുസരിച്ചുള്ളതുമല്ല. ആരുടെയെങ്കിലും വികാരങ്ങളേയും അനുഭവങ്ങളേയും തെറ്റായ രൂപത്തിൽ ആളിക്കത്തിക്കുമ്പോൾ, അല്ലെങ്കിൽ പ്രേരിപ്പിക്കപ്പെടുമ്പോൾ സ്വാഭാവികമായും അതിനു പ്രതികരണമുണ്ടാകുന്നു. (തുടരും)

WWW.MTA.TV

**• ഹദീഥുന്നബ്‌വി[സ] •**

**"അവർ മസ്ജിദ് നിർമിക്കുന്നതിൽ ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്നാകും. വളരെ കുറഞ്ഞതായിട്ടല്ലാതെ അവർ അവയെ സന്ദർശിക്കുകയില്ല." (ബുഖാരി. 8:62)**

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വി[സ] •**

**"നിങ്ങളിലാരെങ്കിലും ആഹാരം കഴിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഇഖാമത്ത് കൊടുക്കപ്പെട്ടാൽത്തന്നെയും അവർ തന്റെ ആവശ്യം നിർവഹിച്ചു കഴിയുന്നതുവരെ തിടുക്കം കൂട്ടാതിരിക്കുക."(ബുഖാരി 10:42)**



ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin